# ദി ഡിഫെൻഡർ

Vol. No. 10 Issue No. 22 RNI Reg. No. 68089 / 97 Published From Perumbavoor 2007 November 16 Price: Rs.100/- P.A.


## തിരുവല്ല ആർ.എം.എസ്സിൽ ഡിഫെൻഡർ മടങ്ങിയെത്തി

തിരുവല്ല ആർ.എം.എസ്സിൽ നിന്നും അപ്രത്യക്ഷമായ ഡിഫെൻഡർ വീണ്ടും പ്രത്യക്ഷനായി. ആത്മീയ ഭാഷയിൽ പറഞ്ഞാൽ ''അവൻ മടങ്ങിവന്നു''.

ഡിഫെൻഡറിന്റെ ഒക്ടോബർ 16 ലക്കമാണ് തിരുവല്ല ആർ.എം.എസ്സിൽ നിന്നും അപ്രത്യക്ഷമായത്. അതുകൊണ്ട് ഒക്ടോബർ 16 ലക്കം പത്തനംതിട്ട ജില്ലയിലുള്ള വരിക്കാർക്ക് ലഭിച്ചില്ല. പത്രം കിട്ടിയില്ല എന്ന് അറിയിച്ചുകൊണ്ട് നിരവധി കത്തുകളും ഫോൺ വിളികളും എത്തിയപ്പോഴാണ് സംഭവത്തേക്കുറിച്ച് അന്വേഷിക്കാൻ ഡിഫെൻഡർ തീരുമാനിച്ചത്. പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ നിന്നും പത്രം കൃത്യ സമയത്തുതന്നെ അയച്ചിരുന്നെന്നും തിരുവല്ല ആർ.എം.എസ്സിൽ നിന്നാണ് പത്രം അപ്രത്യക്ഷമായതെന്നും കണ്ടെത്തി. പത്രം നഷ്ടമായതിനേക്കുറിച്ച് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലെ ഉന്നതർക്ക് ഡിഫെൻഡർ പരാതി നൽകുകയും ചെയ്തു.

ഡിഫെൻഡർ നഷ്ടമായതിനേക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ കൊടുത്ത വാർത്തയാണ് പത്രം തിരികെയെത്താൻ കാരണം. നവംബർ ആദ്യലക്കം തിരുവല്ലയിൽ എത്തുന്നതിനു മുൻപു തന്നെ ഇന്റർനെറ്റിൽ നിന്നും കള്ളൻ വിവരമറിഞ്ഞു. കളി കാര്യമായെന്നും അന്വേഷണം മുറുകുമ്പോൾ ജോലി പോകുമെന്നു മാത്രമല്ല ജയിൽ ശിക്ഷവരെ കിട്ടുമെന്നും വ്യക്തമായതോടെ കപ്പലിലെ കള്ളൻ ഡിഫെൻഡർ തിരികെയെത്തിക്കുകയും വിവിധ പോസ്റ്റ് ഓഫീസുകളിലേക്കുള്ള ബോക്സിൽ നിക്ഷേപിക്കയും ചെയ്തു. അങ്ങനെ നവംബർ മൂന്നു മുതൽ ആറുവരെയുള്ള തീയതികളിൽ മിക്കവർക്കും ഒക്ടോബർ 16 ലക്കം കിട്ടുകയും ചെയ്തു. ശുഭം.

ഇല്ല, സംഗതി അത്ര ശുഭമല്ല. വിലാസക്കാരൻ സ്ഥലംമാറിപ്പോയെന്ന കുറിപ്പോടെ ഏതാനും പത്രങ്ങൾ മടങ്ങിവരുക പതിവാണ്. ഒക്ടോബർ 16 ലക്കത്തിന്റെ മൂന്നു കോപ്പികൾ ഈ വിധത്തിൽ മടങ്ങിയെത്തി. വിലാസക്കാരന്റെ പോസ്റ്റ് ഓഫീസിലെ സീൽ അവയിൽ ഉണ്ടായിരുന്നു. നവംബർ മൂന്ന് എന്ന തീയതിയാണ് സീലിൽ ഉള്ളത്. തിരിമറി നടന്നു എന്നതിന് ഇതിൽ കൂടിയ തെളിവ് ആവശ്യമില്ല. ഏതായാലും തിരുവല്ല ആർ.എം.എസ്സിൽ ഈ കലാപരിപാടി നടത്തിയ വിശുദ്ധന് കുശാലായി.

## തട്ടിപ്പുമായി വിൽസൻ വർഗീസ് വീണ്ടും കേരളത്തിൽ



ഇന്റർനാഷണൽ തട്ടിപ്പുകാരനായ വിൽസൻ വർഗീസ് വീണ്ടും കേരളത്തിൽ എത്തുന്നു. ചുമ്മാഡോ ബാബു ജോർജ് ഡിസംബർ 20 മുതൽ 23 വരെ റാന്നിയിൽ സംഘടിപ്പിക്കുന്ന ഗോസ്പൽ എക്സ്പ്ലോഷൻ കോൺഫ്രൻസ് എന്ന ഭോഷ്കിലാണ് വിൽസൻ വർഗീസ് വേലയിറക്കുന്നത്. ഒപ്പം ഒരു സായിപ്പുമുണ്ട്.

ഏതു ചെകുത്താനുമായും കൂട്ടുകൂടാൻ തയ്യാറുള്ള ആളാണ് ബാബു ജോർജ്. പണം, പ്രശസ്തി, അധികാരം തുടങ്ങിയതൊക്കെ കിട്ടുമെങ്കിൽ ഈ ചങ്ങാതിക്ക് എന്തും സ്വീകാര്യം. വിൽസൻ വർഗീസ് കോടീശ്വരനാണെന്നും ഇദ്ദേഹത്തോടൊപ്പം നിന്നാൽ കൈനിറയെ പണം കിട്ടുമെന്നും കരുതിയാണ് ബാബു ജോർജ് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. പക്ഷേ വിൽസൻ ഏറെക്കുറെ പാപ്പരാണെന്നും കാറുകച്ചവടം നടത്തി കിട്ടുന്ന പണം കൊണ്ട് വേഷം കെട്ടുകയാണെന്നും ബാബു ജോർജ് മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടാണ് റാന്നിയിൽ സ്ഫോടനം നടത്താനുള്ള പദ്ധതിയുമായി മുൻപോട്ടു പോകുന്നത്.

കോടീശ്വരനായി അഭിനയിച്ച് ജനവഞ്ചന നടത്തുന്ന കാര്യത്തിൽ വിരുതനാണ് വിൽസൻ വർഗീസ്. (കൂടുതൽ വിവരങ്ങൾ ആറാം പേജിൽ). ഇയാൾ പറയുന്നതെല്ലാം സത്യമാണെന്ന് തെറ്റിദ്ധരിച്ച് കടക്കെണിയിലായവർ നിരവധി. ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും മറ്റുമായി നടന്ന് നിരവധി സഭകളെ തകർത്ത ചരിത്രവും ഇയാൾക്കുണ്ട്.

കൺവെൻഷൻ സംഘടിപ്പിച്ചാൽ മുഴുവൻ ചെലവും വഹിച്ചുകൊള്ളാമെന്ന് വാഗ്ദത്തം ചെയ്ത് വിവിധ സ്ഥലങ്ങളിൽ കൺവെൻഷനുകൾ നടത്തുന്നത് പതിവാക്കിയ ആളാണ് വിൽസൻ. കൺവെൻഷൻ കഴിഞ്ഞ് ഒരു ചെറിയ തുകയും കൊടുത്തിട്ട് വിൽസൻ സ്ഥലം വിടും. കുരുക്കിലാകുന്നത് സംഘാടകരാണ്. ഈ വിധത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിൽസൻ തട്ടിപ്പു നടത്തിയിട്ടുണ്ട്.

കള്ളം പറയാൻ ഒരു മടിയുമില്ലാത്ത വിൽസൻ നടത്തിയിട്ടുള്ള തട്ടിപ്പുകൾ ഒന്നും രണ്ടുമല്ല. വിസ തട്ടിപ്പ്, കാറുകത്തിക്കൽ, വ്യാജ പാസ്പോർട്ട് നിർമ്മാണം, വിമാനം വാങ്ങൽ തുടങ്ങി വിവിധ രംഗങ്ങളിലായി വിൽസന്റെ തട്ടിപ്പുസാമ്രാജ്യം പരന്നു പന്തലിച്ചു കിടക്കുന്നു. ഇത്തരത്തിലുള്ള ഒരു വിദ്വാനാണ് റാന്നിയിൽ സ്ഫോടനം നടത്തുന്നത്.

## സുഭാഷിതം അവാർഡ് പ്രശ്നം: ഡോ.ജോർജ് സാമുവൽ തെറ്റുകാരല്ല

ഡോ.ജോർജ് സാമുവൽ സുഭാഷിതത്തിന്റെ അവാർഡ് വിവാദത്തിൽ അകപ്പെട്ടത് അദ്ദേഹത്തിന്റെ കുറ്റംകൊണ്ടല്ലെന്ന് വ്യക്തമായി. ഡിഫെൻഡറിൽ ഈ വിഷയവുമായി ബന്ധപ്പെട്ടുവന്ന വാർത്തകൾക്കുള്ള മറുപടിയായി ഡോ.ജോർജ് സാമുവൽ അയച്ചുതന്ന കത്തിൽ വിശദാംശങ്ങളുണ്ട്. തനിക്ക് സുഭാഷിതം അവാർഡ് പ്രഖ്യാപിച്ചത് ഡോ.ജോർജ് സാമുവൽ കൂടി അംഗമായ ജൂറിയാണെന്ന് റെജി കെ.തോമസ് എന്ന ഭോഷ്ക്കിന്റെ പുത്രൻ സ്വന്തം പത്രമായ സ്നേഹനാദത്തിന്റെ സെപ്റ്റംബർ ലക്കത്തിൽ എഴുതിയിരുന്നു. ജൂറി അംഗമായ ജോർജ് സാമുവലിനും അവാർഡ് ഉണ്ടായിരുന്നു. അങ്ങനെ ജൂറി അംഗം സ്വയം അവാർഡ് പ്രഖ്യാപിച്ചതിനെ വിമർശിച്ച് ഡിഫെൻഡർ എഴുതിയതിനുള്ള മറുപടിയാണ് ഡോ.ജോർജ് സാമുവൽ നൽകിയത്. കത്തിന്റെ പൂർണ്ണരൂപം:

''പ്രിയ സഹോദരൻ ടി.എസ്.ബാലൻ അറിയുന്നതിന്,

2007ലെ റീമാ ഫൗണ്ടേഷൻ പുരസ്ക്കാരം കൊടുക്കുവാൻ രണ്ടു വ്യക്തികളെ തിരഞ്ഞെടുത്ത കമ്മറ്റിയിൽ ഞാൻ കൂടി അംഗമായിരുന്നു. എന്നാൽ അന്നേദിവസം സുഭാഷിതം അവാർഡിന് കുറേപ്പേരെ തിരഞ്ഞെടുത്തത് മറ്റൊരു കമ്മറ്റിയാണ്. സമ്മേളനദിവസം കുറേപ്പേർക്ക് സുഭാഷിതം അവാർഡ് നൽകുന്ന വിവരമോ എനിക്കുംകൂടി പ്രസ്തുത അവാർഡ് തരുവാൻ തീരുമാനിച്ചതോ ഞാൻ അറിഞ്ഞത് എന്നെ സമ്മേളനത്തിനു ക്ഷണിക്കാനായി ചുമതലപ്പെട്ടവർ വന്നപ്പോൾ മാത്രമാണ്. ഞാൻ ഉൾപ്പെടെ കുറേപ്പേരെ സുഭാഷിതം അവാർഡിനായി തെരഞ്ഞെടുത്തതിൽ എനിക്ക് യാതൊരു പങ്കുമില്ല.

സമ്മേളനവേളയിൽ ഈ വിവരം ഞാൻ പരസ്യമായി പറഞ്ഞിരുന്നെങ്കിൽ സഹോദരനോടൊപ്പം മറ്റുള്ളവർക്കും തെറ്റിദ്ധാരണ ഉണ്ടാകുകയില്ലായിരുന്നു. ഇനിമേൽ ഞാൻ വളരെ സൂക്ഷിക്കും. പ്രസ്തുത വിവരം എന്റെ ശ്രദ്ധയിൽ പെടുത്തിയതിന് നന്ദി അറിയിക്കുന്നു. നന്ദിസൂചകമായി, അടുത്തയിടെ പ്രകാശനം ചെയ്ത എന്റെ ഒരു ലഘുഗ്രന്ഥം അയയ്ക്കുന്നു. ആദരവോടെ, ഡോ.ജോർജ് സാമുവൽ (ഒപ്പ്)''

### പ്രഭാതധ്യാനം ഇപ്പോൾ സൗജന്യനിരക്കിൽ ബുക്ക് ചെയ്യാം

പ്രഭാതധ്യാനത്തിന്റെ റിക്കാഡിംഗ് ആരംഭിച്ചു. ഡിസംബർ 15ന് ഈ സി.ഡികൾ വിതരണത്തിന് തയ്യാറാകും. മുഖവില 1200 രൂപ. ഇപ്പോൾ പണമടച്ച് ബുക്ക് ചെയ്യുന്നവർ പ്രീപബ്ലിക്കേഷൻ നിരക്കായ 800 രൂപ മാത്രം നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ ആറാം പേജിൽ)

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വന്നിരുന്ന 100 പ്രസംഗങ്ങൾ ഇപ്പോൾ വിതരണം ചെയ്തുവരുന്നു. മുൻകൂർ പണമടച്ച് ബുക്ക് ചെയ്തവർക്ക് സി.ഡികൾ അയച്ചു കഴിഞ്ഞു. ഈ സി.ഡികൾ ഇതുവരെ ബുക്ക് ചെയ്യാത്തവർ 900 രൂപ (പൂർണ്ണമായ വിലാസവും ഫോൺ നമ്പറും സഹിതം) താഴെ കാണുന്ന വിലാസത്തിൽ അയച്ച് ആവശ്യപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്:

**ടി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.ടി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
**Ph: 0484-3232356, Mob: 9447414608**

## ടി.എസ്.ബാലനെ കൊല്ലുമെന്ന് ഡേവിഡ്സൺ ഭീഷണിമുഴക്കി



ടി.എസ്.ബാലനെ കൊല്ലുമെന്ന് ഡേവിഡ്സൺ. ഈ സന്തോഷവാർത്ത ഡേവിഡ്സൺ ടി.എസ്. ബാലനെ നേരിട്ട് ഫോണിൽ വിളിച്ചറിയിക്കയായിരുന്നു. നവംബർ 9ന് വൈകിട്ട് 3.55ന് ടി.എസ്.ബാലന്റെ 0484-3232356 എന്ന നമ്പറിലേക്കാണ് ഡേവിഡ്സൺ വിളിച്ചത്. ഏതാനും മിനിട്ടുകൾ സംസാരിച്ചു. ചില ദിവസങ്ങൾക്കകം ടി.എസ്.ബാലനെ കൊല്ലുമെന്നും ഇയാളുടെ ആദ്യഭാര്യയെ ഉൾപ്പെടെ പലരേയും ഇയാൾ ഇതിനു മുൻപു കൊന്നിട്ടുണ്ടെന്നുമാണ് ഡേവിഡ്സൺ പറഞ്ഞത്. 0471-2232809 എന്ന നമ്പറിൽ നിന്നാണ് വിളിവന്നത്. ഈ നമ്പർ ആരുടേതാണെന്നറിയാൻ ഓൺലൈൻ ടെലിഫോൺ ഡയറക്ടറി നോക്കി. Davidson, 7-473, Carmel House, Dhanuvachapuram P.O., 695503 എന്ന വിലാസമാണ് ഡയറക്ടറിയിലുള്ളത്.

നവംബർ 10ന് വീണ്ടും ഡേവിഡ്സൺ ടി.എസ്.ബാലന്റെ മൊബൈലിലേക്കു വിളിച്ച് കൊല്ലുമെന്ന ഭീഷണി ആവർത്തിച്ചു. ഇത്തവണ 0471-2575242 എന്ന നമ്പരിൽ നിന്നാണ് വിളിച്ചത്. Nirmala P.S., TC 37/1912, Chithira Communications, West Fort, Fort P.O., Trivandrum-23 എന്ന വിലാസമാണ് ഡയറക്ടറിയിലുള്ളത്. ഇത് വെസ്റ്റ് ഫോർട്ടിലുള്ള ഒരു എസ്.ടി.ഡി ബൂത്തിന്റെ നമ്പറാണെന്നു തോന്നുന്നു. സ്വന്തം ഭാര്യയെ ഉൾപ്പെടെ പലരേയും കൊന്ന വ്യക്തി പറയുന്നത് ഗൗരവത്തിൽ എടുക്കേണ്ട കാര്യമാണ്.

ദൈവദാസന്റെ വേഷത്തിൽ ലോകമെമ്പാടും നടന്ന് ജനവഞ്ചന നടത്തുകയാണ് ഡേവിഡ്സന്റെ മുഖ്യ പരിപാടി. പക്ഷേ ഈയിടെ നടത്തിയ സൗദി യാത്ര പ്രശ്നത്തിനു വഴിവച്ചു. ഇയാൾ ഒരു കള്ളനാണെന്നു സംശയം തോന്നിയ ചിലർ ഡിഫെൻഡർ ഓഫീസിൽ വിവരമറിയിച്ചു. അങ്ങനെയാണ് ഡിഫെൻഡർ ഇയാളേക്കുറിച്ച് അന്വേഷിക്കാൻ ഇടയായത്. തിരുവനന്തപുരം ഭാഗത്തുള്ള വ്യാജ സുവിശേഷകരിൽ പ്രധാനിയാണിയാൾ എന്നും ഏതു ഹീനകൃത്യവും ചെയ്യാൻ മടിയില്ലാത്തവനാണെന്നും അന്വേഷണത്തിൽ അറിഞ്ഞു. ഈ വിവരങ്ങൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. ഇന്റർനെറ്റിലൂടെ സൗദിയിലുള്ള ദൈവമക്കളും സത്യമറിഞ്ഞു. അതോടെ ഡേവിഡ്സണ് സൗദിയിൽ നിൽക്കക്കള്ളിയില്ലാതായി. അങ്ങനെ അയാൾ ഏതാനും ദിവസം മുൻപ് മടങ്ങിയെത്തി. ടി.എസ്.ബാലൻ ജീവനോടെ ഉള്ളിടത്തോളംകാലം തന്റെ തട്ടിപ്പ് നടക്കില്ലെന്ന് ഡേവിഡ്സണ് ബോധ്യമായി. അതുകൊണ്ടാണ് ടി.എസ്.ബാലനെ കൊല്ലാൻ പദ്ധതിയിടുന്നത്.

ദി ഡിഫെൻഡർ
Vol. No.10 Issue No. 22 2007 November 16

# സുവിശേഷഘോഷണം ബിസിനസ്സായാൽ

ദൈവവേല ചിലർ ബിസിനസ്സാക്കി എന്നും മറ്റും നാം ആലങ്കാരികമായി പറയാറുണ്ടായിരുന്നു. എന്നാൽ അതിപ്പോൾ അക്ഷരാർത്ഥത്തിൽ നിറവേറിയിരിക്കയാണ്. ദൈവവേലയുടെ ഭാഗമായിത്തന്നെ ബിസിനസ്സും നടക്കുന്നു. ബിസിനസ്സുകാർ ക്ലാസ്സെടുക്കുന്നു.

സ്വർഗ്ഗീയവിരുന്നുകാരാണ് ഈ മാമ്മോൻ സേവയ്ക്ക് തുടക്കം കുറിച്ചത്. ഏതാനും ആഴ്ചമുൻപ് ഇവർ കോട്ടയത്ത് ബിസിനസ്സ് മീറ്റ് നടത്തിയിരുന്നു. ആത്മീയതയുടെ ഭാഗമെന്ന നിലയ്ക്കാണ് അവർ ഈ പരിപാടി നടത്തിയത്. ബിസിനസ്സ് നടത്തി ലാഭമുണ്ടാക്കുന്നത് തെറ്റാണെന്ന് ആരും പറയുകയില്ല. പക്ഷേ ബിസിനസ്സ് ആത്മീയതയുമായി കൂട്ടിക്കുഴയ്ക്കുന്നത് അംഗീകരിക്കാനാവില്ല.

ദൈവമക്കൾ ബിസിനസ്സിലേക്കു തിരിയണമെന്ന് ഏതാനും വർഷം മുൻപ് പി.ജി.വർഗീസ് നിർദ്ദേശിച്ചിരുന്നു. പണക്കാരാകാനുള്ള എളുപ്പമാർഗ്ഗം എന്ന നിലയ്ക്കാണ് പി.ജി.വർഗീസ് ഇതു പറഞ്ഞത്. പണം ആത്മീയതയുടെ മാനദണ്ഡമായി പരിഗണിക്കുന്ന ആളാണ് അദ്ദേഹം. ദൈവാനുഗ്രഹം പ്രാപിച്ചവൻ പണക്കാരനായിരിക്കുമെന്നും പണമില്ലാത്തവൻ അനുഗ്രഹിക്കപ്പെട്ടവനല്ല എന്നുമുള്ള തിയോളജിയിൽ വിശ്വസിക്കുന്ന ഏവരും പി.ജി.വർഗീസിനേപ്പോലെ ചിന്തിക്കും.

ചില മാസങ്ങൾക്കു മുൻപ്, തിരുവനന്തപുരത്തുള്ള ഒരാളുടെ പ്രസംഗം ടി.വിയിൽ കണ്ടു. യേശുക്രിസ്തു ബിസിനസ്സുകാരനായിരുന്നെന്നും ദൈവവേലയ്ക്കായി പണം ചെലവാക്കുന്നവരുടെ ബിസിനസ്സിനെ ദൈവം അനുഗ്രഹിച്ച് വൻ ലാഭമുണ്ടാക്കിക്കൊടുക്കുമെന്നുമാണ് അയാൾ പറഞ്ഞത്. യേശുവിന്റെ വളർത്തച്ഛനായ യോസഫ് വെറും ആശാരിയായിരുന്നില്ലെന്നും കപ്പലുകളും മറ്റും നിർമ്മിക്കുന്ന വൻകിടക്കാരനായിരുന്നെന്നും യേശുക്രിസ്തു വലിയ പണക്കാരനായിരുന്നെന്നും മറ്റൊരാൾ പ്രസംഗിക്കുന്നതും കേട്ടു.

പ്രധാന പെന്തക്കോസ്ത് സഭകളിൽ ഒന്നായ എ.ജിയുടെ നേതാക്കൻമാരിൽ ഒരുവനും പവ്വർ വിഷന്റെ ഭാരവാഹിയുമായ ബാബു ജോർജും ഇപ്പോൾ ബിസിനസ്സുമായി സുവിശേഷവേലയെ കൂട്ടിക്കുഴയ്ക്കുന്നു. സദ്വർത്തമാന സ്ഫോടനം എന്ന പരിപാടിയിൽ ബിസിനസ്സുകാർ ക്ലാസ്സെടുക്കുമെന്നത്രേ പ്രഖ്യാപനം. ദൈവമക്കളെ വഴിതെറ്റിക്കാൻ സാത്താൻ ബാബു ജോർജിനെ കൈയ്യിലെടുത്തിരിക്കയാണ്. വ്യാജഡോക്ട്രേറ്റുമായി നടക്കുന്നവരെല്ലാം കള്ളൻമാരാണെന്ന വസ്തുതയ്ക്ക് അടിവരയിടുന്ന സംഭവമാണിത്. മാമ്മോന്റെ ആത്മാവാണ് ബാബു ജോർജിനേപ്പോലുള്ളവരിൽ വ്യാപരിക്കുന്നത്. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന കള്ളൻമാരാണിവർ. ആകയാൽ ദൈവജനം സൂക്ഷിക്കുക. വഞ്ചിക്കപ്പെടരുത്.

# സത്യം സത്യമായി

ലീഡർജിയുടെ തൊലിക്കട്ടി അപാരംതന്നെ. ഈ ഭൂമിമലയാളത്തിൽ ലക്ഷണമൊത്ത ഒരു രാഷ്ട്രീയക്കാരനുണ്ടെങ്കിൽ അത് പിതാജി തന്നെ. രണ്ടോ മൂന്നോ വർഷം മുൻപ് ഈ ചങ്ങാതിയുണ്ടാക്കിയ കോലാഹലങ്ങൾ ആരും മറന്നിട്ടുണ്ടാകില്ല. ഇല്ലാത്ത കുറ്റങ്ങൾ സങ്കല്പിച്ചുണ്ടാക്കി പിതാവും പുത്രനും കൂടി കളിച്ചു. ഒടുവിൽ പുത്രൻ കളത്തിനു പുറത്തായി. ഇടതുപക്ഷം തുണയ്ക്കുമെന്നു കരുതിയാണ് ഇതൊക്കെ ചെയ്തത്. പക്ഷേ അവർ കൈവിട്ടു. അതോടെ യു.ഡി.എഫ് ക്യാമ്പിൽ തിരിച്ചെത്തി. പക്ഷേ ജനം എതിരായി. അങ്ങനെ തോറ്റു തൊപ്പിയിട്ടു. ഉടൻ യു.ഡി.എഫ് വിട്ടു. ഏറെ താമസിയാതെ എൻ.സി.പിയിൽ ലയിച്ചു ചേർന്നു. പരകായപ്രവേശംവഴി എൽ.ഡി.എഫിൽ ചേക്കേറുകയായിരുന്നു ലക്ഷ്യം. പക്ഷേ ഫലം നേരേ വിപരീതമായിരുന്നു. എൽ.ഡി.എഫിൽ നിന്ന് എൻ.സി.പി ഔട്ടായി. കടിച്ചതുമില്ല പിടിച്ചതുമില്ല എന്നു ചുരുക്കം.

ഇരു മുന്നണികളിലുമില്ലാതെ നിന്നാൽ അടുത്ത തെരഞ്ഞെടുപ്പിൽ പച്ചതപ്പുകയില്ലെന്നു വ്യക്തം. പക്ഷേ രണ്ടു മുന്നണിക്കാർക്കും ഇവരെ വേണ്ട. എന്തുചെയ്യും. എൻ.സി.പിയുടെ സഹായമില്ലാതെ ആരും കേരളം ഭരിക്കില്ല എന്ന് ഇപ്പോഴും പറയുന്നുണ്ടെങ്കിലും അത് വലിയൊരു തമാശയായിമാത്രമേ എല്ലാവരും കാണുന്നുള്ളു. കരുണാകരൻ എൻ.സി.പിയുടെ അഖിലേന്ത്യാ നേതാവാണെന്നൊക്കെ പറയുന്നുണ്ടെങ്കിലും വിശേഷിച്ചൊരു പണിയുമില്ലാതെ ഈ ചങ്ങാതി വീട്ടിലിരുപ്പാണെന്ന് ഏവർക്കും അറിയാം. ഈയിടെ ഡൽഹിയിൽ സമ്മേളനത്തിനു പോയപ്പോഴുണ്ടായ അനുഭവം കൈപ്പേറിയതായിരുന്നു. ഒരുകാലത്ത് കിംഗ് മേക്കറായിരുന്ന കക്ഷി വെറുതെ ഇരുന്ന് എല്ലാം കാണുകയും കേൾക്കുകയും ചെയ്തു. അത്ര തന്നെ. ഇനി ഇങ്ങനെ നിന്നിട്ടു കാര്യമില്ല. അതുകൊണ്ട് ഒരു തീരുമാനമെടുത്തു. മോരില്ലെങ്കിലും ഉണ്ണും. ശകലമൊന്നുമല്ല വയറുനിറയെ ഉണ്ണും. ഇത്രയുമൊക്കെ പറഞ്ഞിട്ടും മദാമ്മ കനിയുന്നില്ല. ഇത്ര ഗുരുതരമായ ഒരു ഗതികേടു വരുമെന്ന് അറിഞ്ഞിരുന്നെങ്കിൽ പിതാവും പുത്രനും ചാടിപ്പുറപ്പെടുമായിരുന്നില്ല.

ലീഡർജിയെ കോൺഗ്രസ്സിൽ എടുത്താൽ എന്തു സംഭവിക്കും? ഉത്തരം വ്യക്തം. ഗ്രൂപ്പ് വഴക്ക് പൂർവ്വാധികം ശക്തിയോടെ പുനരാരംഭിക്കും. ഏറെ താമസിയാതെ പത്മജ കോൺഗ്രസ്സിലെത്തും. ചില മാസങ്ങൾക്കു ശേഷം എൻ.സി.പിയിലെ ഒരു വിഭാഗത്തോടൊപ്പം പുത്രൻജിയും കോൺഗ്രസ്സിൽ ലയിക്കും.

കേരളാ കോൺഗ്രസ്സുകൾ ഇതാ ഒന്നാകാൻ പോകുന്നു. മാണി, പിള്ള, ജേക്കബ്, ജോർജ് എന്നീ വിഭാഗങ്ങളാണ് ഒന്നാകുന്നത്. ജോസഫ്, ഈപ്പൻ തുടങ്ങിയവർ പുറത്തുണ്ടാകും. ഒന്നാകുന്ന കേരളാ കോൺഗ്രസ്സ് യു.ഡി.എഫിൽ ഉറച്ചുനിൽക്കും. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പുകാലത്ത് സീറ്റിനെ ചൊല്ലി തർക്കമുണ്ടാക്കും. ജയിച്ചു കഴിയുമ്പോൾ മന്ത്രിസ്ഥാനത്തിന്റെ പേരിൽ കലഹിക്കും. ഏറെ താമസിയാതെ നാലും നാലു പാത്രമാകും. അതുകൊണ്ട് തങ്ങളുടെ പാർട്ടി ഓഫീസുകളും മറ്റും കൈവിടാതിരിക്കാൻ ഓരോ ഗ്രൂപ്പും ശ്രദ്ധിച്ചാൽ നന്ന്.

കടുവയെ കിടുവ പിടിച്ചു എന്നു പറഞ്ഞതുപോലെയാണ് ബംഗാളിലെ കാര്യം. ഏറ്റവും വലിയ വിപ്ലവക്കാരാണ് അവിടെ ഭരണം നടത്തുന്നത്. പക്ഷെ അവരെ വിറപ്പിക്കുന്ന വിപ്ലവവുമായി മമത കലിതുള്ളുന്നു. പേരിലുള്ള മമത അവർ സി.പി.എമ്മിനോട് കാണിക്കുന്നില്ല. ഭരണകക്ഷികൾ പോലും ഈ പ്രശ്നത്തിൽ തമ്മിലടിക്കുന്നു. മമതയുടെ തന്ത്രം ഫലിക്കുന്നുണ്ടെന്നു വ്യക്തം.

വീണ്ടുമൊരു കൺവെൻഷൻ സീസൺ എത്തിയിരിക്കയാണ്. പ്രധാന കൺവെൻഷൻ പ്രസംഗകരെല്ലാം പുതിയ പ്രസംഗങ്ങളുണ്ടാക്കുന്ന തിരക്കിലാണ്. ഒരു സീസണിലേക്ക് നാലോ അഞ്ചോ പ്രസംഗം മതിയാകും. എല്ലായിടത്തും അവതന്നെ പ്രസംഗിക്കാം. പ്രസംഗവിഷയം കണ്ടെത്താനും ബുദ്ധിമുട്ടില്ല. ഇതാ വരുന്നൂ അനുഗ്രഹം എന്നതാണ് എല്ലാ പ്രസംഗത്തിന്റേയും രത്നച്ചുരുക്കം. ഈ വിഷയം പ്രസംഗിക്കാൻ സഹായകമാകുന്ന വാക്യങ്ങൾ കണ്ടെത്തിയാൽ മതി. സങ്കീർത്തനങ്ങൾ പരിശോധിച്ചാൽ ഇത്തരം നൂറു കണക്കിനു വാക്യങ്ങൾ കണ്ടെത്താൻ കഴിയും. അവയിലേതെങ്കിലുമൊക്കെയെടുത്ത് വേണ്ടപോലെ കൂട്ടിയിണക്കിയാൽ സംഗതി ശുഭം.

പെന്തക്കോസ്തുകാരുടെ യോഗത്തിനു മൈക്ക് വാടകയ്ക്കു കൊടുക്കുന്നവർക്ക് അടുത്തകാലത്തായി സ്റ്റാന്റ് കൊണ്ടുപോകേണ്ട ആവശ്യം വരാറില്ല. സ്റ്റാന്റിൽ ഉറപ്പിച്ച മൈക്കിനു മുൻപിൽ നിന്ന് ആരും പ്രസംഗിക്കുന്നില്ല എന്നതുതന്നെ കാരണം. മൈക്രോഫോൺ കൈയ്യിൽ പിടിച്ചുകൊണ്ട് സ്റ്റേജിലൂടെ ഓടിനടന്നാണ് ഏവരും പ്രസംഗിക്കുന്നത്. ഉണർവ്വുണ്ടാക്കാനാണ് ഈ ഓട്ടം. ഓടിനടന്നാൽ ഉണർവ്വുണ്ടാകുമെങ്കിൽ വെരുകായിരിക്കും ഏറ്റവും വലിയ ഉണർവ്വുകാരനെന്നു തീർച്ച.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ഇരുമ്പ് കുക്കറായി

ഇരുമ്പ് പ്രഷർ കുക്കറാകുമോ? ആകുമെന്ന് ഊളമ്പാറയിലുള്ള ചങ്ങാതിമാരുപോലും പറയുമെന്നു തോന്നുന്നില്ല. പക്ഷേ ഇത്തരമൊരു സാങ്കേതികവിദ്യ ജനപ്രിയന്റെ കൈവശമുണ്ട്. മാന്യദേഹം ഏതാനും ആഴ്ച മുൻപ് വടക്കേഇന്ത്യയിൽ നടത്തിയ പര്യടനത്തിലാണ് ഈ അത്ഭുതരഹസ്യം വെളിപ്പെടുത്തിയത്.

അവറാച്ചൻ പതിവു ശൈലിയിൽ വിവരക്കേടിന്റെ മാലപ്പടക്കം പൊട്ടിക്കയാണ്: ''പ്രഷർ കുക്കർ ഏവർക്കും പ്രയോജനമുള്ള സാധനമാണ്. എങ്ങനെയാണ് പ്രഷർ കുക്കർ ഉണ്ടാകുന്നത്? നമുക്ക് പ്രഷർ കുക്കറിനോടുതന്നെ ചോദിച്ചുനോക്കാം. അപ്പോൾ പ്രഷർ കുക്കർ പറയും: ഞാൻ പണ്ട് ഒരു ഇരുമ്പുകഷണമായിരുന്നു. എന്നെ ഒരു ഫാക്ടറിയിലൂടെ കയറ്റിയിറക്കി. അപ്പോൾ ഞാൻ പ്രഷർ കുക്കറായി പുറത്തുവന്നു.''

പ്രഷർ കുക്കർ എന്ന ഈ സാധനം എങ്ങനെയാണ് ഉണ്ടാക്കുന്നതെന്നറിയാതെ വിഷമിച്ചിരുന്നവർക്കെല്ലാം ഇതു കേട്ടതോടെ അത്യന്തം സന്തോഷമുണ്ടായി. ഇനി കാശുകൊടുത്ത് പ്രഷർ കുക്കർ വാങ്ങേണ്ടതില്ല. എങ്ങനെയെങ്കിലും കുറെ ഇരുമ്പ് സംഘടിപ്പിക്കുക. ആ ഇരുമ്പ് ഏതെങ്കിലുമൊരു ഫാക്ടറിയിൽ ഇടുക. അല്പസമയം കാത്തുനിൽക്കുക. പ്രഷർ കുക്കർ പുറത്തേക്ക് ചാടിവരും. കുശാൽ.

ഇരുമ്പുകൊണ്ടാണോ പ്രഷർ കുക്കർ ഉണ്ടാകുന്നതെന്ന് ചോദിക്കരുത്. കാരണം, ഇരുമ്പുകൊണ്ട് പ്രഷർ കുക്കർ ഉണ്ടാക്കരുതെന്ന് ഇന്ത്യൻ ഭരണഘടനയിൽ എഴുതിയിട്ടില്ല. ഇരുമ്പുകൊണ്ട് പ്രഷർ കുക്കർ ഉണ്ടാക്കുന്നവരെ ശിക്ഷിക്കുമെന്ന് ഇന്ത്യൻ പീനൽ കോഡിലും എഴുതിയിട്ടില്ല.

# ഉപ്പ് മൂലകമാണെന്ന്

ഉപ്പ് മൂലകമാണോ? അല്ലെന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ നിങ്ങൾക്കു തെറ്റി. ഉപ്പ് മൂലകമാണ്. മാത്രമല്ല സോഡിയം ക്ലോറൈഡ് എന്ന് മറ്റൊരു മൂലകവുമുണ്ട്. പറയുന്നത് മഹാപണ്ഡിതനായ കെ.എ. ഏബ്രഹാമാണ്. അതുകൊണ്ട് കണ്ണടച്ചു വിശ്വസിക്കണം. പരമാവധി ഉച്ചത്തിൽ മൂന്നു ഹാലേലൂയ്യായും പറയണം.

വടക്കേ ഇന്ത്യൻ പര്യടനത്തിനിടയിൽ അവറാച്ചൻ വാരിവിതറിയ അറിവിന്റെ മുത്തുകളിൽ ഒന്നാണിത്. ഈ ചങ്ങാതി പറഞ്ഞതിന്റെ ചുരുക്കം ഇതാണ്. ലോകത്ത് 96 തരം മൂലകങ്ങളുണ്ട്. അവയെല്ലാം മനുഷ്യന്റെ ശരീരത്തുണ്ട്. ഉദാഹരണമായി മനുഷ്യന്റെ ശരീരത്തിൽ ഉപ്പ് എന്ന മൂലകമുണ്ട്. ഉപ്പില്ലാതെ ജീവിക്കാൻ പറ്റില്ല. അതുപോലെ സോഡിയം ക്ലോറൈഡ് എന്ന മൂലകവും മനുഷ്യന്റെ ശരീരത്തുണ്ട്. സോഡിയം ക്ലോറൈഡ് ഇല്ലാതെയും ജീവിക്കാനാവില്ല.

ഹോ, എന്തൊരു പാണ്ഡിത്യം എന്ന് ഏവരും പറഞ്ഞുപോകും. ആല് ഒരു മൂലകമാണെന്നും അസ്ഥാനത്ത് ഒരെണ്ണം ഇല്ലാതെ ജീവിക്കാനാവില്ലെന്നും നാളെ ഇയാൾ പറഞ്ഞേക്കാം.

സോഡിയം ക്ലോറൈഡും ഉപ്പും ഒന്നാണെന്നും ഉപ്പ് മൂലകമല്ലെന്നും കെമിസ്ട്രി അറിയാവുന്ന ആരെങ്കിലും ഈ വിദ്വാന് ദയവായി പറഞ്ഞുകൊടുക്കണം. ഇല്ലെങ്കിൽ ഇയാൾ ഇനിയും ഈ വിഡ്ഢിത്തം പ്രസംഗിക്കും.



# സ്ട്രീമിംഗ് എവിടെ?

ഇതാ വരുന്നൂ സ്ട്രീമിംഗ് എന്ന് കെ.സി.ജോൺ പറയാൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി. പക്ഷേ സ്ട്രീമിംഗ് കാണാനില്ല. സ്ട്രീമിങ്ങെന്നല്ല ചവറിന്റെ വെബ്സൈറ്റിൽ ആദ്യപേജല്ലാതെ ഒന്നും ഇപ്പോഴില്ല. എന്താണ് സംഭവിച്ചതെന്ന് കെ.സി.ജോൺ പറയുന്നുമില്ല.

അമേരിക്കൻ പര്യടനം തുടങ്ങുന്നതിനു മുൻപാണ് സ്ട്രീമിങ്ങിനേക്കുറിച്ച് കെ.സി. ജോൺ പ്രഖ്യാപനം നടത്തിയത്. ആ പേരു പറഞ്ഞ് അമേരിക്കയിൽ നിന്നും പണം തട്ടുകയായിരുന്നു ലക്ഷ്യം. പക്ഷേ അമേരിക്കയിലുള്ള നല്ലൊരുപങ്ക് ആളുകളും ഡിഫെൻഡർ വായിക്കുന്നുണ്ട്. അതുകൊണ്ട് കെ.സി.ജോണിന്റെ തനിസ്വരൂപം അവർക്കറിയാം. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചവനാണ് കെ.സി. ജോൺ എന്നറിയാത്തവർ ഇപ്പോൾ അമേരിക്കയിൽ ഏറെയില്ല. അതുകൊണ്ട് ചവറിന് സംഭാവന കൊടുക്കാൻ അമേരിക്കയിൽ മിക്കവരും തയ്യാറായില്ല. സ്ട്രീമിംഗ് പരിപാടി നാളിതുവരെ നടക്കാത്തതും ഈ കാരണത്താലാണെന്നറിയുന്നു.

# റെജിക്കു മറുപടിയുണ്ടോ?



ഐ.ഇ.എം സ്റ്റേറ്റ് ഡയറക്ടറായ റെജി കെ.തോമസ് സ്വന്തം പത്രമായ സ്നേഹനാദത്തിൽ ഇപ്രകാരം എഴുതി:

''ഐ.ഇ.എം. സ്റ്റേറ്റ് ഡയറക്ടർ റെജി കെ. തോമസിന് സുഭാഷിതം അവാർഡ് ലഭിച്ചു. സെപ്റ്റംബർ 10 തിങ്കളാഴ്ച തിരുവല്ല വി.ജെ.എം. ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ വച്ച് കേരള ഗവർണ്ണർ ആർ.എൽ. ഭാട്ടിയ അവാർഡ് സമ്മാനിച്ചു. ........ എം.കെ.മാധവൻനായർ (മനോരമ ഭാഷാപോഷിണി), ഡോ.ജോർജ് സാമുവൽ (നൂക്ലിയർ ശാസ്ത്രജ്ഞൻ), ഡോ.സി. ജെ.റോയി (മധുര കാമരാജ് യൂണിവേഴ്സിറ്റി മലയാളം വകുപ്പ് മുൻമേധാവി) എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്.''

ഗവർണ്ണർ അവാർഡ് സമ്മാനിച്ചു എന്നു പറഞ്ഞത് ശുദ്ധ ഭോഷ്ക്കായിരുന്നു എന്ന വസ്തുത ഒക്ടോബർ ആദ്യലക്കം ഡിഫെൻഡറിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ അവാർഡ് ജേതാക്കളെ കണ്ടെത്തിയത് ഡോ. ജോർജ് സാമുവൽ ഉൾപ്പെട്ട ജൂറിയാണെന്നു പറയുന്നതും പച്ചക്കള്ളമാണെന്ന് ഡോ.ജോർജ് സാമുവലിന്റെ കത്ത് തെളിയിക്കുന്നു. ഈ ഭോഷ്ക്കിന്റെ പുത്രൻ എന്തിനാണ് ഇങ്ങനെയൊക്കെ പറയുന്നതെന്നു മനസ്സിലാകുന്നില്ല.

# സുരേഷ് ബാബുവും കുറെ വിഡ്ഢികളും



വിഡ്ഢികൾ ഉള്ളിടത്തോളം കാലം സുരേഷ് ബാബുവിനേപ്പോലുള്ളവർക്ക് അഷ്ടിക്കു മുട്ടുവരില്ല. വ്യഭിചാരം ഉൾപ്പെടെ എന്തു ചെയ്താലും പ്രോഗ്രാമിന് കുറവുണ്ടാകുകയുമില്ല. സംശയമുള്ളവർ പത്തനംതിട്ട ജില്ലയിൽ നടക്കാൻ പോകുന്ന രണ്ടു ക്രൂസേഡുകളുടെ കഥ കേട്ടാൽ മതി.

പത്മോസ് മിനിസ്ട്രി എന്നൊരു വിചിത്ര സംഘത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ടൗണിൽ ഒരു യോഗം നടക്കാൻ പോകുന്നു. സുരേഷാണ് മുഖ്യ പ്രസംഗകൻ. സുപ്രസിദ്ധ വചന പണ്ഡിതനായ സുരേഷ് ബാബു പ്രസംഗിക്കുന്നു എന്നാണ് പരസ്യത്തിൽ കണ്ടത്. ബൈബിളിൽ നിന്ന് കുറെ വാക്യങ്ങൾ കാണാപ്പാഠം പഠിച്ച് അതിവേഗത്തിൽ പറയുന്നതാണ് സുരേഷിന്റെ വചനപാണ്ഡിത്യം. ഇതാണ് വചനപാണ്ഡിത്യത്തിന്റെ അളവുകോലെങ്കിൽ സുരേഷിനേക്കാൾ വചന പണ്ഡിതരായ ഒട്ടേറെ സണ്ടേസ്ക്കൂൾ കുട്ടികളുണ്ട്. ഏതായാലും പത്മോസുകാരന്റെ വചനപാണ്ഡിത്യം എത്രത്തോളമെന്നു മനസ്സിലായി. ഇങ്ങനെയുള്ളവൻ സുരേഷിനെ വിളിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

ചങ്ങനാശ്ശേരിയിലാണ് സുരേഷിന് കഞ്ഞിവെയ്ക്കുന്ന മറ്റൊരുവിഡ്ഢിയുള്ളത്. ഇന്റർനാഷണൽ ഗോസ്പൽ ചർച്ച് എന്നോമറ്റോ ആണ് പേര്. ഏതോ ഇന്റർനാഷണൽ വിവരദോഷിയാണ് ഇതിന്റെ പിന്നിലുള്ളതെന്ന് തീർച്ച. അഞ്ചു മാസം കഴിഞ്ഞു നടക്കുന്ന മീറ്റിംഗിന്റെ പ്രചരണം ഇപ്പോൾത്തന്നെ തുടങ്ങിക്കഴിഞ്ഞു. സുരേഷിന്റെ മീറ്റിംഗ് കഴിയുന്നതോടെ തങ്ങളുടെ സഭയിൽ ആളുകളുടെ തള്ളിക്കയറ്റമുണ്ടാകുമെന്ന് സ്വപ്നം കണ്ടാണ് ഇവരൊക്കെ സുരേഷിനെ വിളിക്കുന്നത്.

ഡിഫെൻഡർ പറയുന്നതെല്ലാം തെറ്റാണെന്നു കരുതുന്ന ഒരു പാസ്റ്റർ എറണാകുളത്തുണ്ടായിരുന്നു. ഏതാനും വർഷം മുൻപ് ഇദ്ദേഹം സുരേഷിനെ വിളിച്ച് ഒരു യോഗം നടത്തി. ആദ്യ ദിവസം പാസ്റ്റർ അല്പം നേരത്തെതന്നെ യോഗസ്ഥലത്തേക്ക് പോയി. സമയമാകുമ്പോൾ സുരേഷിനേയും കൂട്ടിക്കൊണ്ട് യോഗസ്ഥലത്തേക്കു വരാൻ പാസ്റ്റർ അദ്ദേഹത്തിന്റെ ഭാര്യയെ ചുമതലപ്പെടുത്തുകയും ചെയ്തു. സന്ധ്യയായപ്പോൾ കരണ്ട് പോയി. ഒരു മെഴുകുതിരിയും കത്തിച്ചുകൊണ്ട് പാസ്റ്ററുടെ ഭാര്യ സുരേഷിന്റെ മുറിയിലെത്തി. മെഴുകുതിരി മേശപ്പുറത്തു വെച്ചിട്ട് തിരിച്ചു നടന്ന ആ സഹോദരിയെ സുരേഷ് കടന്നുപിടിച്ചു. ഒരു വിധത്തിൽ അവർ സുരേഷിന്റെ കൈയ്യിൽ നിന്ന് രക്ഷപ്പെട്ടു. അതുകൊണ്ട് പത്മോസുകാരനും ചങ്ങനാശ്ശേരിക്കാരനും സൂക്ഷിക്കുക: ഭാര്യയെ സുരേഷിനടുത്തേക്കു വിടരുത്.



# പടിഞ്ഞാറേക്കര വീണ്ടും വിഡ്ഢിവേഷം കെട്ടുന്നു

ചിലർ കണ്ടുപഠിക്കും, ചിലർ കൊണ്ടുപഠിക്കും. പക്ഷേ കണ്ടാലും കൊണ്ടാലും പഠിക്കാത്തവരുണ്ട്. അവരിൽ ഒരാളാണ് ജോസഫ് പടിഞ്ഞാറേക്കര. പ്രജാപതിയെന്ന ഭോഷ്ക്കുമായി ഈ ചങ്ങാതി കുറേക്കാലം പെന്തക്കോസ്തിൽ വിലസിയിരുന്നു. വേദമെന്നത് ചക്കയാണോ മാങ്ങയാണോ എന്ന് നിശ്ചയമില്ലാത്ത പെന്തക്കോസ്തുകാരെ ശ്ലോകം ചൊല്ലി ഇയാൾ വിഡ്ഢികളാകുകയും ചെയ്തു. എല്ലാവരേയും കുറേക്കാലവും കുറേപ്പേരെ എല്ലാക്കാലവും കബളിപ്പിക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും കബളിപ്പിക്കാനാവില്ല എന്നാണല്ലോ ചൊല്ല്. ഇത് പടിഞ്ഞാറേക്കരയുടെ കാര്യത്തിലും ശരിയായി. ഇയാൾ എല്ലാവരേയും കുറേക്കാലം കബളിപ്പിച്ചു. പക്ഷേ ഈ തട്ടിപ്പിനെതിരെ റ്റി.എസ്.ബാലൻ രംഗത്തുവന്നതോടെ പടിഞ്ഞാറേക്കര ഉൾപ്പെടെയുള്ള പ്രജാപതി ഭക്തർ കുഴഞ്ഞു. ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരേ പോരാടാൻ തയ്യാറായി ഡിഫെൻഡർ എത്തിയതോടെ പ്രജാപതിയുടെ അന്ത്യം സംഭവിച്ചു. കഴിഞ്ഞ എട്ടു വർഷമായി പ്രജാപതിയെ ആരും പ്രസംഗിക്കുന്നില്ല. ഏവരും പ്രജാപതിയെ മറന്നു. അങ്ങനെയിരിക്കുന്ന സന്ദർഭത്തിലാണ് പടിഞ്ഞാറേക്കര വീണ്ടും പ്രജാപതിയുമായി എത്തിയിരിക്കുന്നത്.

എന്തുകൊണ്ടാണ് പടിഞ്ഞാറേക്കര ഇങ്ങനെ വീണ്ടും വിഡ്ഢിവേഷം കെട്ടുന്നത്? അതറിയണമെങ്കിൽ പടിഞ്ഞാറേക്കരയേക്കുറിച്ച് ചിലതെല്ലാം അറിഞ്ഞിരിക്കണം. മലയാളത്തിൽ ഒരു എം.എ എടുത്തശേഷമാണ് ഇദ്ദേഹം ഭാര്യയുടെ ആശ്രിതനായി കാനഡയിൽ എത്തിയത്. മലയാളം എം.എ.ക്കാരന് കാനഡയിൽ എന്തു ജോലി കിട്ടുമെന്ന് ഊഹിക്കാമല്ലോ. തുടർന്ന് എന്തെങ്കിലുമൊക്കെ പഠിക്കണമെന്ന മോഹമുദിച്ചത് സ്വാഭാവികം. പക്ഷേ എന്തു പഠിക്കും? ആകെ പഠിക്കാവുന്നത് സംസ്കൃതം മാത്രം. അതുകൊണ്ട് സംസ്കൃതം പഠിക്കാൻ ആരംഭിച്ചു. എത്ര ശ്രമിച്ചിട്ടും പടിഞ്ഞാറേക്കരയുടെ തലയിൽ സംസ്കൃതം കയറിയില്ല. അങ്ങനെ വർഷങ്ങൾ പലതു കഴിഞ്ഞു. ഒടുവിൽ ഇയാളേക്കൊണ്ട് യൂണിവേഴ്സിറ്റി മടുത്തു. സംസ്കൃതത്തിൽ ഒരു എം.എ. കൊടുത്താൽ ശല്യം തീരുമെന്ന് മനസ്സിലാക്കിയ യൂണിവേഴ്സിറ്റി പടിഞ്ഞാറേക്കരക്ക് എം.എ. കൊടുത്തു പറഞ്ഞുവിട്ടു.



അല്പം തിയോളജികൂടി ഉണ്ടെങ്കിൽ സംഗതി ഉശിരനാകും. അതുകൊണ്ട് പടിഞ്ഞാറേക്കര ഒരു ലൊടുക്കൂസ് ബൈബിൾ കോളേജിൽ നിന്ന് എം.റ്റി.എസ് എന്നൊരു ഡിഗ്രിയും സംഘടിപ്പിച്ചു. ഇത്രയുമൊക്കെയായിട്ടും പടിഞ്ഞാറേക്കരയ്ക്ക് കാര്യമായി എന്തെങ്കിലും ചെയ്യാനുള്ള അറിവുണ്ടായില്ല. ഒരു ഡോക്ടറേറ്റ് കൂടി ഉണ്ടെങ്കിൽ കുറച്ചുകൂടി വിശ്വാസ്യത ഉണ്ടാകും. പിന്നീട് അതിനുള്ള ശ്രമമായി. എന്തെങ്കിലും ഒരു വിഷയത്തേക്കുറിച്ച് ഗവേഷണം നടത്തണമല്ലോ. അങ്ങനെ തേടി നടന്ന് പ്രജാപതിയെ കണ്ടെത്തി. കേരളത്തിൽ സകല അണ്ടനും അടകോടനും പ്രജാപതിയെ പ്രസംഗിച്ചു നടക്കുന്ന കാലമായിരുന്നു അത്. കുറെ വിവരദോഷികൾ പ്രജാപതിയേക്കുറിച്ച് പുസ്തകങ്ങളും എഴുതിയിരുന്നു. ഇവയെല്ലാം സംഘടിപ്പിച്ച് പടിഞ്ഞാറേക്കര ഗവേഷണം തുടങ്ങി. ഗവേഷണമെന്നു പറഞ്ഞാൽ പ്രജാപതിയെ എങ്ങനെ ക്രിസ്തുവാക്കാം എന്ന ഗവേഷണം. കുറേ പാടുപെട്ട് പ്രജാപതിയെ ക്രിസ്തുവായി വേഷം കെട്ടിച്ചു. എല്ലാം ചേർത്ത് മലയാളത്തിൽ ഒരു കിത്താബ് എഴുതി. പക്ഷേ ഒരു പ്രശ്നം. മലയാളത്തിൽ എഴുതിക്കൊടുത്താൽ സായിപ്പിന് പിടികിട്ടുകയില്ലല്ലോ. ഇംഗ്ലീഷിൽ എഴുതാനുള്ള അറിവ് പടിഞ്ഞാറേക്കരയ്ക്കില്ലതാനും. എന്തുചെയ്യും? ഒരു പോംവഴി കണ്ടെത്തി. മലയാളവും ഇംഗ്ലീഷും അറിയാവുന്ന ഒരാളെ ശമ്പളം കൊടുത്ത് നിർത്തി പുസ്തകം ഇംഗ്ലീഷിലാക്കി. ഈ പുസ്തകം കാനഡ ക്രിസ്ത്യൻ കോളേജിൽ കൊടുത്തു. കാനഡ ക്രിസ്ത്യൻ കോളേജിന്റെ ശൈശവകാലമായിരുന്നു അത്. പണം ആവശ്യമായിരുന്ന കാലം. അതുകൊണ്ട് അവർ നല്ലൊരു ഫീസ് വാങ്ങിയിട്ട് പടിഞ്ഞാറേക്കരയ്ക്ക് ഡോക്ടറേറ്റ് കൊടുത്തു.

ഒരു പണിയുമില്ലാതെ എത്രക്കാലം വെറുതെ ഇരിക്കും? ഭാര്യയുടേയും മക്കളുടേയും മുൻപിലെങ്കിലും ഷൈൻ ചെയ്യേണ്ടേ? അതിനായി പടിഞ്ഞാറേക്കര ഉലകപര്യടനം ആരംഭിച്ചു. വേദത്തിൽ അങ്ങനെയുണ്ട്, ഇങ്ങനെയുണ്ട് എന്നൊക്കെ പറഞ്ഞപ്പോൾ എതിർക്കാൻ ആളുണ്ടായില്ല. മിക്കവരും വേദം കണ്ടിട്ടുപോലുമില്ലല്ലോ. അങ്ങനെ പടിഞ്ഞാറേക്കര ജയിച്ചു നിൽക്കുന്ന കാലത്താണ് റ്റി.എസ്.ബാലൻ അവതരിച്ചത്. ഈ ദുരുപദേശത്തിനെതിരെ ബാലൻ നിർദ്ദയം പ്രതികരിച്ചതോടെ പടിഞ്ഞാറേക്കരയുൾപ്പെടെയുള്ള പ്രജാപതിക്കാർക്ക് മറുപടിയില്ലാതായി. പ്രജാപതിയുടെ കൈയ്യും കാലും തുളച്ചു, മുൾമുടി വച്ചു, വസ്ത്രം പകുത്തെടുത്തു, അസ്ഥിയൊന്നും ഒടിഞ്ഞില്ല തുടങ്ങിയതൊന്നും വേദത്തിലെന്നല്ല ഒരു ഹൈന്ദവ ഗ്രന്ഥത്തിലുമില്ലെന്നു ബാലൻ പറഞ്ഞു. ഉണ്ടെങ്കിൽ എടുത്തുകാട്ടാൻ ബാലൻ സകല പ്രജാപതിക്കാരേയും വെല്ലുവിളിച്ചു. അതോടെ പ്രജാപതിക്കാർ കുഴഞ്ഞു. പ്രജാപതി ശുദ്ധ ഭോഷ്ക്കാണെന്നു തെളിഞ്ഞു.

ഇങ്ങനെ എട്ടു വർഷം മുൻപ് നിര്യാതനായ പ്രജാപതിയുടെ പ്രേതവുമായി പടിഞ്ഞാറേക്കര ഇപ്പോൾ എത്താൻ കാരണമെന്ത്? റ്റി.എസ്.ബാലൻ ജയിലിലാണെന്നും ഏഴു വർഷത്തേക്ക് പുറത്തുവരില്ലെന്നും ആരൊക്കെയോ പറഞ്ഞ് പടിഞ്ഞാറേക്കര അറിഞ്ഞു. ആ ധൈര്യത്തിലാണ് ഈ ചങ്ങാതി ഇപ്പോൾ എത്തിയിരിക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ലോകപ്രശസ്ത പ്രവാചകനായ പാസ്റ്റർ സാമച്ചൻ എന്ന് ഒരു സുവിശേഷയോഗത്തിന്റെ പരസ്യത്തിൽ കണ്ടു. ദൈവവചന വെളിച്ചത്തിൽ ഇത് ശരിയാണോ?

■ കത്തോലിക്കാ-ഓർത്തഡോക്സ്-യാക്കോബായ സഭകൾ ദൈവവചനവുമായി അഞ്ചു ശതമാനം മാത്രം പൊരുത്തപ്പെടുന്നവയും 95% ദുരുപദേശമുള്ളതുമാണ്. മാർത്തോമ്മാ-സി.എസ്.ഐ. സഭകളിൽ ദുരുപദേശത്തിന്റെ അളവ് 50% ആണ്. ഇവാഞ്ചലിക്കൽ സഭയിൽ 25% ദുരുപദേശമുണ്ടെന്നു പറയാം. ബ്രദറൻ-ബാപ്റ്റിസ്റ്റ് സഭകളിൽ 10% ദുരുപദേശം നിലനിൽക്കുന്നു. പെന്തക്കോസ്ത് സഭകളിൽ ദുരുപദേശത്തിന്റെ തോത് ഏകദേശം 5% ആണ്. ഇതിൽ കുറവ് ദുരുപദേശമുള്ള സഭകൾ ഉള്ളതായി അറിവില്ല.

പെന്തക്കോസ്തിലെ 5% ദുരുപദേശം എന്താണ് എന്ന് ചോദിച്ചേക്കാം. വിശ്വാസി, പ്രാദേശികസഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനത്തിലുള്ളൂ, ദൈവീക പദ്ധതിയിലുള്ളൂ. പ്രാദേശിക സഭകളെ കൂട്ടിയിണക്കി ഐ.പി.സിയും ശാരോനും എ.ജിയും മറ്റും ഉണ്ടാക്കിയത് തെറ്റ്. ഈ സംഘടനകളെ സഭയെന്നു വിളിക്കുന്നതു തെറ്റ്. സംഘടനകളുടെ നേതാക്കൻമാരെ അപ്പോസ്തലൻമാരായി കണക്കാക്കുന്നതു തെറ്റ്. സെന്റർ പാസ്റ്ററന്നെ അത്ഭുത ജീവിയെ സൃഷ്ടിച്ചതും തെറ്റ്. വിവാഹശുശ്രൂഷ, ശവസംസ്കാര ശുശ്രൂഷ, ഭവനപ്രതിഷ്ഠാശുശ്രൂഷ, ശിശുപ്രതിഷ്ഠാശുശ്രൂഷ തുടങ്ങിയവ ദൈവവചനത്തിൽ അടിസ്ഥാനമുള്ള ശുശ്രൂഷകളല്ല. ഇവയൊന്നും ദൈവദാസൻമാർ ചെയ്തതായി കാണുന്നുമില്ല.

പ്രാദേശിക സഭകൾ സ്വതന്ത്രമായിരിക്കണം. വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളെല്ലാം പുരോഹിതരാണ്. എല്ലാ വിശ്വാസികളും ദൈവവേലക്കാരാണ്. ദൈവവേല ചെയ്യാൻ അവരെ പ്രാപ്തരാക്കാനായി ദൈവം നിയമിച്ചവരാണ് അപ്പോസ്തലൻമാർ, പ്രവാചകൻമാർ, സുവിശേഷകർ, ഇടയൻമാർ, അദ്ധ്യാപകർ എന്നിവർ. സംശയമുള്ളവർ എഫേ. 4:11-13 ഇംഗ്ലീഷിലോ മറ്റു മലയാള തർജ്ജമകളിലോ നോക്കുക. ഓരോ പ്രാദേശിക സഭയിലും ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. ഇവരുടെ അദ്ധ്യക്ഷനായി ബിഷപ്പ് (പാസ്റ്റർ) ഉണ്ടായിരിക്കണം. (1തിമോ.3:1-13). 11-ാം വാക്യത്തിൽ ''അവ്വണ്ണം സ്ത്രീകളും'' എന്ന് എഴുതിയിരിക്കുന്നത് ''അവ്വണ്ണം ശുശ്രൂഷക്കാരത്തികളും'' എന്നാണ് തർജ്ജമ ചെയ്യേണ്ടത്. (ഗ്രീക്ക് നോക്കുക).

അപ്പോസ്തലൻമുതൽ അദ്ധ്യാപകൻ വരെയുള്ള ശുശ്രൂഷകരെ ഓർഡേയ്ൻ ചെയ്യേണ്ടത് പ്രാദേശിക സഭയാണ്. (പ്രവൃ. 13:1-3.) സംഘടനയുടെ നേതാക്കൻമാർ കൈവെയ്ക്കുന്നത് ഓർഡിനേഷനല്ല. ഇപ്രകാരം ഓർഡിനേഷൻ ലഭിച്ചവർക്ക് ഒരുവിധത്തിലുള്ള ആത്മീയ അധികാരങ്ങളും ലഭിക്കുന്നുമില്ല.

സഭാനേതാക്കൻമാർ കൈവച്ച് ഓർഡിനേഷൻ കൊടുക്കുന്ന രീതിയാണ് ഇപ്പോൾ പെന്തക്കോസ്ത് സഭകളിലുള്ളത്. സംഘടന എന്ന ആശയംപോലും ദൈവവചനത്തിൽ ഇല്ലാത്തതുകൊണ്ട് ഈ രീതി വചനവിരുദ്ധമാണ്. ദൈവം ഒരു വ്യക്തിയെ ശുശ്രൂഷയ്ക്കു വിളിച്ചു എന്ന് പ്രാദേശികസഭക്ക് ബോദ്ധ്യമാകുമ്പോൾ ആ വ്യക്തിയെ പ്രാദേശികസഭയിലെ മൂപ്പൻമാർ ചേർന്ന് കൈവച്ച് പ്രാർത്ഥിച്ച് ദൈവവേലയ്ക്കായി വേർതിരിക്കണം. അപ്പോസ്തലൻ മുതൽ അദ്ധ്യാപകൻ വരെയുള്ള എല്ലാ ശുശ്രൂഷകരേയും ഇങ്ങനെ കൈവച്ച് വേർതിരിക്കണം. പക്ഷേ ഇപ്പോൾ അതല്ല നടക്കുന്നത്. കൈവയ്പ് കിട്ടിയവരെല്ലാം പാസ്റ്റർമാരാകുന്നു. ഇത് വചനവിരുദ്ധമാണ്. ഏറ്റവും താഴെയുള്ള അദ്ധ്യാപകനായി ഓർഡിനേഷൻ കിട്ടിയവൻ സഭയിൽ ദൈവവചനം പഠിപ്പിക്കണം. അതിനു മുകളിലാണ് ഇടയൻ അഥവാ ബിഷപ്പ്. ഇടയനേക്കാൾ വലിയവനാണ് സുവിശേഷകൻ. പക്ഷേ ഇന്ന് അങ്ങനെയല്ല. സുവിശേഷകൻ ചെറിയവനും പാസ്റ്റർ വലിയവനുമാണ്. സുവിശേഷകന് ഓർഡിനേഷൻ കൊടുത്ത് പാസ്റ്ററാക്കുന്ന പരിപാടി വിചിത്രമാണ്, വചനവിരുദ്ധവുമാണ്. പാസ്റ്ററും സുവിശേഷകനും അദ്ധ്യാപകനും അപ്പോസ്തലനും മറ്റും പ്രവചിച്ചെന്നുവരാം. പക്ഷേ പ്രവാചകർ എന്നൊരുതരം ശുശ്രൂഷകരുമുണ്ട്. അവരേയും കൈവെച്ച് വേർതിരിക്കേണ്ടതാണ്.

ഇനി സാമച്ചന്റെ കാര്യം. ഈ ചങ്ങാതിക്ക് ദൈവവുമായി ഒരു ബന്ധവുമില്ല. ഇയാൾ ഒന്നാംതരം കള്ളനാണ്. വ്യഭിചാരമാണ് പ്രധാന തൊഴിൽ. കള്ളപ്രവചനം ഉപതൊഴിൽ. ഈ കള്ളനേക്കുറിച്ച് ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുണ്ടല്ലോ.

ലോകമെമ്പാടും ചുറ്റിസഞ്ചരിച്ച് സാമച്ചൻ തട്ടിപ്പു നടത്തി വരുന്നു. വ്യാജരോഗശാന്തി, പേരുവിളിക്കൽ ശുശ്രൂഷ തുടങ്ങിയവ നടത്തി സാധുക്കളെ കബളിപ്പിക്കുന്നതിൽ വിരുതനാണിയാൾ. ലോകപ്രശസ്ത പ്രവാചകനും രോഗശാന്തി ശുശ്രൂഷകനുമാണ് താൻ എന്ന് സ്വയം പ്രഖ്യാപിക്കുന്നു. ഇയാൾ പ്രവാചകനുമല്ല പാസ്റ്ററുമല്ല ഒന്നാംതരം കള്ളൻ മാത്രമാണ്.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി


നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# തീ കത്തിച്ചിട്ടും വെന്തുപോകാത്ത വണ്ടി

തീ കത്തിയിട്ടും വെന്തുപോകാത്ത മുൾപ്പടർപ്പിനേക്കുറിച്ച് പുറപ്പാടുപുസ്തകത്തിൽ കാണുന്നുണ്ട്. അതുപോലൊരു അത്ഭുത വണ്ടി ഇന്ത്യയിലുണ്ടെന്നത് ഏത് ഇന്ത്യാക്കാരനും അഭിമാനിക്കാൻ കാരണമാണ്. എന്താ, വിശ്വാസം വരുന്നില്ലേ? ഇല്ലെങ്കിൽ കേട്ടോളൂ.

കെ.എ.ഏബ്രഹാമിന്റെ നേതൃത്വത്തിൽ സാദ്യത് ഗോസ്പൽ ടീം എന്നൊരു സംഭവമുണ്ട്. അതിന് ഒരു വണ്ടിയുമുണ്ട്. കൺവെൻഷനുകളും ക്രൂസേഡുകളും മറ്റും മൊത്തമായും ചില്ലറയായും കരാറെടുത്ത് നടത്തിക്കൊടുക്കുകയാണ് ഈ ടീമിന്റെ ബിസിനസ്സ്. കിട്ടേണ്ട കൂലി എത്രയെന്ന് മുൻകൂട്ടി പറഞ്ഞുറപ്പിക്കും. കൃത്യസമയത്തെത്തി യോഗം പൊടിപൂരമായി നടത്തിക്കൊടുക്കും. എല്ലാം കഴിഞ്ഞ് പണവും വാങ്ങി പോകുകയും ചെയ്യും. പറഞ്ഞുറപ്പിച്ച തുകയിൽ നിന്ന് ഒരു രൂപ പോലും കുറയരുതെന്നു മാത്രം.

കേരളത്തിൽ മഴക്കാലമാകുമ്പോൾ ഈ ടീം വടക്കേഇന്ത്യൻ പര്യടനത്തിനു പോകും. വയറ്റിൽപ്പിഴപ്പുതന്നെ ലക്ഷ്യം. ഇത്തവണയും പര്യടനം പൊടിപൂരമായി നടത്തി. പക്ഷേ വേണ്ടത്ര പണം കിട്ടുന്നില്ല. കെ.എ.ഏബ്രഹാമിന് നവംബറിൽ ഗൾഫ് പരിപാടിയുമുണ്ട്. അല്പം സഹതാപതരംഗമില്ലാതെ പറ്റില്ല. രക്തസാക്ഷികളോട് ദൈവമക്കൾക്ക് എന്നും ഒരു പ്രത്യേക സ്നേഹമുണ്ടല്ലോ. അങ്ങനെ വളരെ ശ്രദ്ധിച്ച് പദ്ധതി തയ്യാറാക്കി. ഒരുദിവസം രാത്രി ടീമിന്റെ വണ്ടി സുവിശേഷ വിരോധികൾ കത്തിച്ചു. എന്നിട്ടോ? വണ്ടിക്ക് ഒരു കുഴപ്പവും പറ്റിയില്ല. അല്പംകൂടി കൃത്യമായി പറഞ്ഞാൽ വണ്ടിക്ക് ഒരു കുഴപ്പവും പറ്റാത്ത സ്ഥലം തിരഞ്ഞുപിടിച്ചാണ് സുവിശേഷവിരോധികൾ കത്തിച്ചത്. കക്ഷത്തിലിരിക്കുന്നതു പോകുകയുമില്ല, ഉത്തരത്തിലിരിക്കുന്നത് എടുക്കാനും പറ്റും. അവറാച്ചന്റെ ബുദ്ധി അപാരംതന്നെ. (ഗൾഫ് പര്യടനം വിജയിക്കുമെന്നതിന് സംശയമില്ല).

# മുമ്പേ ഗർഭിണി ഇപ്പോൾ പ്രസവവും കഴിഞ്ഞു

തെറ്റി, അങ്ങനല്ലല്ലോ പഴഞ്ചൊല്ല്. മുമ്പേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നതല്ലേ ശരി? പഴഞ്ചൊല്ല് അങ്ങനെയൊക്കെത്തന്നെ. പക്ഷേ ഇത് അല്പം പുതിയൊരു ചെല്ലാണ്. കുറെ കാലം കഴിയുമ്പോൾ പഴഞ്ചൊല്ലായിക്കൊള്ളും.

വളച്ചുകെട്ടാതെ കാര്യം പറയാം: ചവർ ചാനലിൽ ഹാപ്പി മോമന്റ്സ് എന്നൊരു ക്വിസ് പ്രോഗ്രാമുണ്ട്. ആദ്യകാലത്ത് അതു നടത്തിയിരുന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ഇപ്പം ചാകും എന്ന പരുവത്തിലായിരുന്നു അതിന്റെ നിൽപ്പും സംസാരവും. കുറേക്കാലമായി അതിനെ കാണുന്നില്ല. പകരം മറ്റൊരു പെൺകുട്ടിയാണ് പരിപാടി നടത്തുന്നത്. എന്നാൽ ഈയിടെ പഴയ കക്ഷി വീണ്ടും പ്രത്യക്ഷപ്പെട്ടു. എഴുന്നേറ്റു നിൽക്കാൻ പോലും ഇപ്പോൾ ആരോഗ്യമില്ല. അതുകൊണ്ട് ഇരുന്നുകൊണ്ടാണ് പരിപാടി നടത്തുന്നത്. എന്താ സംഭവം എന്ന് അന്വേഷിച്ചു, കണ്ടെത്തി. മുൻപ് ഗർഭിണിയായിരുന്നു. ഇപ്പോൾ പ്രസവവും കഴിഞ്ഞിരിക്കുന്നു. അതാണ് ഇത്ര ക്ഷീണം.




# പുസ്തകം എവിടെ?

അരിയെവിടെ, തുണിയെവിടെ, പറയൂ പറയൂ സർക്കാരേ എന്നൊക്കെ മുദ്രാവാക്യം വിളിച്ച് സർക്കാരിനെതിരേ സമരം നടന്നിരുന്ന കാലമുണ്ടായിരുന്നു. അതുപോലെ ''പുസ്തകമെവിടെ'' എന്നു ചോദിച്ച് പാസ്റ്റർമാർ സമരം നടത്താനുള്ള എല്ലാ സാദ്ധ്യതയും ഈയിടെ കുമ്പനാട്ടുണ്ടായി. സംഭവം ചുരുക്കി പറയാം:

എം.എസ്.സാമുവലിന്റെ പണത്തിന്റെ ബലത്തിലാണ് ഇത്തവണ ഐ.പി.സി ശുശ്രൂഷക സമ്മേളനം നടന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ ഏതെങ്കിലുമൊരു കസേര തട്ടിയെടുക്കണമെന്നുള്ള അതിയായ ആഗ്രഹം എം.എസ്.സാമുവലിനുണ്ട്. അതിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടന്നുവരുന്നു. അതിന്റെ ഭാഗമായാണ് ഈ കഞ്ഞിവീഴ്ത്തൽ പരിപാടി നടത്തിയത്.

വെറും കഞ്ഞി പോരാ എന്ന് എം.എസ്സിന് തോന്നി. കഞ്ഞിയുടെ നന്ദി ഏതാനും ദിവസം കഴിയുമ്പോൾ ഇല്ലാതാകും. അതുകൊണ്ട് സ്വന്തം ജീവചരിത്രം എഴുതി പുസ്തകമാക്കി കൊടുത്താൽ അത് എല്ലാ പാസ്റ്റർമാരുടേയും വീട്ടിലിരിക്കും. അങ്ങനെ ''ഇവൻ എത്ര മഹാനെന്നു നോക്കുവീൻ'' എന്ന പരുവത്തിൽ ഒരു ജീവചരിത്രമുണ്ടാക്കി. അച്ചടി, വിതരണം എന്നിവ മോനായിയെ ഏല്പിച്ചു. പക്ഷേ പകുതിയിൽ താഴെ പാസ്റ്റർമാർക്ക് കൊടുത്തുകഴിഞ്ഞപ്പോൾ പുസ്തകം തീർന്നു. എല്ലാവർക്കും കൊടുക്കാൻ വേണ്ടതിലുമധികം പുസ്തകം അടിക്കാൻ പണം കൊടുത്തതാണല്ലോ. എന്നിട്ടും പുസ്തകമില്ലാതായതെങ്ങനെ? ആ ചോദ്യത്തിനുള്ള ഉത്തരം നാളിതുവരെ കണ്ടെത്തിയിട്ടില്ല.

# ഡോ.ജോർജ് ശാമുവൽ ഇനിയെങ്കിലും സൂക്ഷിക്കുക

മോനായിയുടെ അവാർഡ് ദാന മഹാമഹവുമായി ബന്ധപ്പെട്ട് ഡിഫെൻഡറിൽ വന്ന വാർത്തക്ക് ഡോ.ജോർജ് സാമുവൽ തക്ക സമയത്ത് പ്രതികരിച്ചു. അതുകൊണ്ട് അതേപ്പറ്റി കൂടുതൽ എഴുതേണ്ടതായി വന്നില്ല. ഇങ്ങനെയാണ് മാന്യൻമാർ ചെയ്യേണ്ടത്. ഡോ. ജോർജ് സാമുവലിനേപ്പോലുള്ളവരുടെ പേര് ദുരുപയോഗം ചെയ്ത് നേട്ടങ്ങളുണ്ടാക്കുകയാണ് മോനായിയുടെ ലക്ഷ്യം. അതുകൊണ്ട് ഇനിയെങ്കിലും മോനായിയുമായുള്ള ഇടപാടുകൾ സൂക്ഷിച്ചു നടത്തുക.

ഈ സംഭവത്തോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ ഏവരുടേയും അറിവിലേക്കായി പറയട്ടെ: ചിലരെയൊക്കെ ചുമന്നാൽ ചുമക്കുന്നവർ നാറും. മോനായി ആ ഇനത്തിൽ പെട്ട ആളാണ്. മോനായിയെ ചുമക്കുന്നവർ ശരിക്കും നാറും. ചില ഉദാഹരണങ്ങൾ നോക്കൂ. 2500 കോപ്പിയുള്ള പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്നാണ് മോനായി പ്രചരിപ്പിച്ചിരുന്നത്. ഡിഫെൻഡറിൽ വാർത്ത വന്നശേഷം വായനക്കാരുടെ എണ്ണം ഒരുലക്ഷമായി കുറച്ചു. ഭോഷ്ക്കിൽ കണക്കിൽ നിന്ന് നാലു ലക്ഷം കുറച്ചു എന്നു ചുരുക്കം.

മോനായി പത്രപ്രവർത്തനത്തെ വ്യഭിചരിക്കയാണ്. മോനായിയോടൊപ്പം പ്രവർത്തിക്കുന്ന ഏവരും ഇതിന്റെ പങ്കുകാരാണ്. മോനായി നടത്തുന്ന തട്ടിപ്പിന് പങ്കുകാരാകുന്നത് ആരൊക്കെ? അതറിയാൻ സുഭാഷിതത്തിന്റെ രണ്ടാം പേജ് നോക്കുക:

എം.എസ്.സാമുവൽ (മാനേജിംഗ് എഡിറ്റർ), ജോകുര്യൻ (അസ്സോസിയേറ്റ് എഡിറ്റർ), പി.പി.കുര്യൻ (ജനറൽ എഡിറ്റർ) എന്നിവരാണ് പ്രധാനികൾ. കൂടാതെ കുറെ ചുമ്മാ സബ് എഡിറ്റർമാരുമുണ്ട്. ഇവരുടെയൊക്കെ പേരുണ്ടെങ്കിലും മോനായിയും ഭാര്യയും കൂടിയാണ് എല്ലാം ചെയ്യുന്നതെന്ന് ഏവർക്കും അറിയാം. പക്ഷേ ഇവർ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾക്ക് മേല്പറഞ്ഞവരും പങ്കുകാരാകും. അതുകൊണ്ട് ഡോ.ജോർജ് സാമുവൽ ഉൾപ്പെടെയുള്ള എല്ലാവരോടും പറയട്ടെ, മോനായിയുടെ കയ്യിലിരുപ്പ് അത്ര ശരിയല്ല. മോനായിയുമായി കൂട്ടുകൂടി നിങ്ങളുടെ പേരുകൂടി ചീത്തയാക്കരുത്.

# നാടകാന്തം കോപ്പിയടി

നാടകാന്തം കവിത്വം എന്നാണ് പ്രമാണം. പക്ഷേ കെ.എ.ഏബ്രഹാമിന്റെ നാടകത്തേക്കുറിച്ചു പറയുമ്പോൾ നാടകാന്തം കോപ്പിയടി എന്നേ പറയാൻ പറ്റൂ. കെ.എ.ഏബ്രഹാം അടുത്ത കാലത്തായി അവതരിപ്പിച്ചുവരുന്ന നാടകത്തിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്.

സ്വന്തം കണ്ടുപിടുത്തം എന്ന നിലയിലാണ് അവറാച്ചൻ ഈ നാടകം അവതരിപ്പിക്കുന്നത്. ഒരു പാപിയെ സാത്താൻ പിടിക്കുന്നതും രക്ഷിക്കാൻ ആളില്ലാതായപ്പോൾ യേശുക്രിസ്തു രക്ഷിക്കുന്നതും മറ്റുമാണ് നാടകം പോലെ അവതരിപ്പിക്കുന്ന കോക്കാംപീച്ചിയുടെ കഥ. എന്തോ വലിയ കാര്യം സാധിച്ചു എന്ന മട്ടിലാണ് അവതരണം. പക്ഷേ ഈ പരിപാടി അവറാച്ചൻ കോപ്പിയടിച്ചതാണ്. 2006 ഡിസംബർ 8-ാം തീയതി മാവേലിക്കരയിൽ ഡിവൈൻ പ്രയർ മിനിസ്ട്രീസ് നടത്തിയ മീറ്റിംഗിൽ പ്രസംഗിച്ച നരേഷ് പോൾ ഈ കലാപരിപാടി അവതരിപ്പിച്ചിരുന്നു. അപ്പോൾ സ്റ്റേജിലുണ്ടായിരുന്ന കെ.എ.ഏബ്രഹാം എല്ലാം കണ്ടുപഠിച്ചു. (പിറ്റേന്ന് കെ.എ.ഏബ്രഹാമാണു പ്രസംഗിച്ചത്). ഇപ്പോളിത് സ്വന്തം കണ്ടുപിടുത്തമായി അവതരിപ്പിക്കയും ചെയ്യുന്നു.

# പുതിയ യെരൂശലേമിലെ കല്ലുകൾ

പുതിയ യെരൂശലേം നിർമ്മിച്ചിരിക്കുന്നത് മൂന്നുതരം കല്ലുകൾ ഉപയോഗിച്ചാണെന്ന അത്ഭുത രഹസ്യം കെ.എ.ഏബ്രഹാം കണ്ടെത്തിയിരിക്കുന്നു. നാളിതുവരെ ആരും പുതിയ യെരൂശലേം കണ്ടിട്ടില്ല. മൂന്നുതരം കല്ലുകൾ ഉപയോഗിക്കുന്നതായി ദൈവവചനത്തിൽ പറയുന്നതുമില്ല. എങ്കിലും വചനത്തിന്റെ നെല്ലിപ്പലക വരെ കണ്ടിട്ടുള്ള കെ.എ.ഏബ്രഹാമിന് ഇത്തരം രഹസ്യങ്ങൾ വെളിപ്പെട്ടു കിട്ടുന്നതിൽ അത്ഭുതത്തിന് അവകാശമില്ല. (ഇതൊക്കെ കേൾക്കുമ്പോൾ ചിലരൊക്കെ ക്ഷമയുടെ നെല്ലിപ്പലക കാണുന്നുണ്ടാകും. ക്ഷമിക്കുക, നാം അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു).

ഏതൊക്കെയാണ് ആ മൂന്നു കല്ലുകൾ? പറയാം:

1. വെട്ടുകുഴിയിൽ വച്ചുതന്നെ കുറവു തീർത്ത കല്ലുകൾ. ഇത്തരം കല്ലുകൾ കൊണ്ടാണ് യെരൂശലേം ദൈവാലയം പണിതത്. ഇത് മാനസാന്തരപ്പെട്ട വിശ്വാസികളെ കുറിക്കുന്നു.
(ഈ വ്യാഖ്യാനം തെറ്റാണെന്ന് ഡിഫെൻഡർ പറയുന്നില്ല).
2. ഗോല്യാത്തിനെ എറിയാനായി ദാവീദ് എടുത്ത കല്ല്. ആ കല്ലുകൾ തോട്ടിൽ നിന്നാണ് എടുത്തത്. അതുകൊണ്ട് അവ വെള്ളത്തിൽ മുങ്ങിയ കല്ലുകളാണ്, അതായത് സ്നാനപ്പെട്ട വിശ്വാസികൾ. (ഇതു കേൾക്കുമ്പോൾ നിങ്ങൾക്ക് കല്ലെടുക്കാൻ തെന്നുന്നുണ്ടാകാം, പക്ഷേ ക്ഷമിക്കുക).
3. യാക്കോബ് തലയിണയായി വച്ച കല്ല്. ഈ കല്ലിനെ യാക്കോബ് പിന്നീട് എണ്ണയാൽ അഭിഷേകം ചെയ്തു. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച വിശ്വാസികളാണ് ഈ കല്ലുകൾ.

കെ.എ.ഏബ്രഹാം പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: വെറുതെ മാനസാന്തരപ്പെട്ടവനുൾപ്പെടെയുള്ളവർ സ്വർഗ്ഗത്തിൽ കാണും. സ്നാനപ്പെട്ടേ മതിയാകൂ എന്നില്ല. ദാവീദിന്റെ കൈയ്യിലിരുന്ന ഉണ്ടക്കല്ലുകൾ പുതിയ യെരൂശലേമിൽ വാർക്കപ്പണിക്ക് ഉപയോഗിച്ചു കാണും. യാക്കോബിന്റെ തലയിണ തൂണായും ഉപയോഗിച്ചിരിക്കാം. ഏതായാലും അവറാച്ചന്റെ പാണ്ഡിത്യം അപാരംതന്നെ.

# ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# ചുമ്മാഡോ ബാബു ജോർജ് റാന്നിയിൽ സുവിശേഷം പൊട്ടിത്തെറിപ്പിക്കും

ചുമ്മാഡോ ബാബു ജോർജ് റാന്നിയിൽ സ്ഫോടനം നടത്താൻ പദ്ധതിയിടുന്നു. ഡിസംബർ 20 മുതൽ 23 വരെയുള്ള ദിവസങ്ങളിലാണ് റാന്നിയിൽ സ്ഫോടനമുണ്ടാകുക. ഇന്റർനാഷണൽ തട്ടിപ്പുകാരനായ വിൽസൻ വർഗീസും ഒരു സായിപ്പുമാണ് കൂട്ടുകാർ. ഇതിനെ സംബന്ധിച്ച് എല്ലാ പെന്തക്കോസ്ത് പത്രങ്ങളിലും പരസ്യം കൊടുത്തിരുന്നു. (ആ പരസ്യം താഴെ കൊടുക്കുന്നു).



ചുമ്മാഡോ ബാബു ജോർജ്

സദ്വർത്തമാന സ്ഫോടനം എന്നാണ് സംഭവത്തിന്റെ പേര്. ഗോസ്പൽ എക്സ്പ്ലോഷൻ കോൺഫറൻസ് എന്ന് ഇംഗ്ലീഷിൽക്കൂടി കൊടുത്തിട്ടുള്ളതുകൊണ്ട് അർത്ഥം ഏറെക്കുറെ പിടികിട്ടി. ഡാക്കിട്ടർ ബാബു ജോർജിന്റെ അറിവിലേക്കായി പറയട്ടെ: ഇംഗ്ലീഷ് വാക്കുകൾ മലയാളത്തിലേക്കോ മലയാള വാക്കുകൾ ഇംഗ്ലീഷിലേക്കോ പദാനുപദമായി തർജ്ജമ ചെയ്താൽ അർത്ഥത്തേക്കാളേറെ അനർത്ഥമുണ്ടാകും. പത്താംക്ലാസ്സ് തോറ്റവർക്കു ചെയ്യാവുന്ന കാര്യമല്ലിത്. അതുകൊണ്ട് തർജ്ജമ ചെയ്യൽ സൂക്ഷിച്ചുമതി.

**ബിസിനസ്സ്:**

അനുഗൃഹീതരും ലോകപ്രശസ്തരുമായ ദൈവദാസൻമാരും ബിസിനസ്സുകാരും ക്ലാസ്സുകൾ നയിക്കുന്നു എന്ന് പരസ്യത്തിൽ കാണുന്നു. ബാബു ജോർജാണ് ഒരു ലോകപ്രശസ്തൻ. ഏതോ ഒരു ലൊടുക്കൂസ് സായിപ്പാണ് രണ്ടാമത്തെ ലോകപ്രശസ്തൻ. തട്ടിപ്പിന്റെ അവതാരമായ വിൽസൻ വർഗീസാണ് പ്രശസ്തനായ മൂന്നാമൻ. ഇവരൊക്കെ എടുക്കുന്ന ക്ലാസ്സിൽ പങ്കെടുക്കുന്ന നേരത്ത് നാലു വാഴ കുഴിച്ചുവെച്ചാൽ നന്ന്.

ബിസിനസ്സുകാരും ക്ലാസ്സെടുക്കുമത്രേ. സംഗതി ഒന്നാംതരമായിരിക്കുന്നു. തങ്കുവാണ് ഈ കലാപരിപാടി അവതരിപ്പിച്ചത്. ഏതാനും ആഴ്ച മുൻപ് വിരുന്നുസംഘം കോട്ടയത്ത് ഒരു ബിസിനസ്സ് മീറ്റ് നടത്തിയിരുന്നു. ഇപ്പോൾ ബാബു ജോർജും നടത്തുന്നു. സുരേഷ് ബാബു, കെ. എ.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയ വിവരദോഷികളും ഈ പാത പിൻതുടരുമെന്ന് ന്യായമായി ഊഹിക്കാം.

പത്തു വർഷം മുൻപു നടന്ന ബോങ്കെ ക്രൂസേഡിൽ ഫയർ കോൺഫ്രൻസ് എന്നൊരു പരിപാടിയുണ്ടായിരുന്നു. സംഗതി സകല വിഡ്ഢികൾക്കും നന്നായി ബോധിച്ചു. ഇപ്പോൾ ഏതു ശുംഭൻ ക്രൂസേഡ് നടത്തിയാലും ഫയർ കോൺഫ്രൻസുണ്ടാകും. അതിന് പ്രത്യേകം രജിസ്ട്രേഷനും ഉണ്ടാകും. ബിസിനസ്സ് കോൺഫ്രൻസിന്റെ സ്ഥിതിയും മറിച്ചാകില്ല. ഏതാനും വർഷങ്ങൾക്കകം ബിസിനസ്സ് കോൺഫ്രൻസ് എല്ലാ പെന്തക്കോസ്ത് മീറ്റിംഗുകളുടേയും അവിഭാജ്യഘടകമാകും. പെന്തക്കോസ്ത് നേതാക്കൻമാരെന്ന നിർഗ്ഗുണ പരബ്രഹ്മങ്ങൾ ഇതൊക്കെ കണ്ട് മിഴിച്ചിരിക്കും.

കുടുംബങ്ങൾക്കും വ്യക്തികൾക്കും പ്രത്യേക കൗൺസിലിംഗ് ഉണ്ടായിരിക്കുമത്രേ. ബാബു ജോർജും വിൽസനും മറ്റുമായിരിക്കും കൗൺസിലിംഗ് കൊടുക്കുന്നത്. കൗൺസിലിംഗ് എന്നാൽ ചുക്കാണോ ചുണ്ണാമ്പാണോ എന്ന് നിശ്ചയമില്ലാത്ത ഒട്ടേറെ ആളുകൾ പെന്തക്കോസ്തിൽ കൗൺസിലിംഗുകാരായി വിലസുന്നുണ്ട്. അതുകൊണ്ട് ഡാക്കിട്ടറായ ബാബു ജോർജിനും കാറുകച്ചവടക്കാരനായ വിൽസനും ഒക്കെ കൗൺസിലിംഗ് നടത്താവുന്നതാണ്.

ആരാണ് വിൽസൻ വർഗീസ് എന്ന് അമേരിക്കയിലുള്ളവരോട് പറയേണ്ടതില്ല. അത്ര കുപ്രസിദ്ധനാണ് കക്ഷി. പക്ഷേ ഇന്ത്യയിലുള്ള സാധുക്കൾക്ക് ഈ കള്ളനെ അത്ര പരിചയമുണ്ടാകില്ല. അതുകൊണ്ട് പറയാം:

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിസ തട്ടിപ്പും വ്യാജ പാസ്പോർട്ട് നിർമ്മാണവും മറ്റുമായി കഴിഞ്ഞിരുന്ന ആളാണ് വിൽസൻ. കേസ്സുകളിൽ പെട്ട് നിൽക്കക്കള്ളിയില്ലാതായപ്പോൾ ഈ ചങ്ങാതി അമേരിക്കയിലേക്ക് കടന്നു. അവിടെയും കുറേക്കാലം ഈ പരിപാടി തുടർന്നു. കുറച്ചു പണമുണ്ടായപ്പോൾ മറ്റു ബിസിനസ്സുകളിലേക്ക് തിരിഞ്ഞു.

വാഹനങ്ങൾ വാടകയ്ക്ക് കൊടുക്കുക, ദല്ലാൾപ്പണി നടത്തുക തുടങ്ങി പല വഴികളിലൂടേയും പണമുണ്ടാക്കി. വാഹനങ്ങൾ വിൽസന് എന്നും ഒരു ദൗർബ്ബല്യമായിരുന്നു. അങ്ങനെ വിൽസൻ ഒരു റോൾസ് റോയിസു വാങ്ങി. ചില മാസങ്ങൾ ഗമയ്ക്ക് നടന്നെങ്കിലും ലോണിന്റെ തിരിച്ചടവ് മുടങ്ങിയതോടെ പ്രശ്നമായി. ആയിടക്കാണ് മറ്റൊരു തട്ടിപ്പുതകാരനുമായി വിൽസൻ പരിചയപ്പെടുന്നത്. ലോൺ അടയ്ക്കുന്നതിൽ നിന്നും രക്ഷപ്പെടാനായി സ്വന്തം കാർ കത്തിച്ചകഥ അയാൾ വിവരിച്ചു. അതു തന്നെ പരീക്ഷിക്കാൻ വിൽസനും തീരുമാനിച്ചു. കാറുമായി കൂട്ടുകാരനോടൊപ്പം വിജനമായ ഒരു റോഡിൽ എത്തി. മുൻപദ്ധതിയനുസരിച്ച് കാർ കത്തിക്കയും ചെയ്തു. പക്ഷേ തികച്ചും അപ്രതീക്ഷിതമായി അവിടെയെത്തിയ അഗ്നിശമനക്കാർ തീ കെടുത്തി. കാറിന് കാര്യമായ കേടുപാടൊന്നും വന്നില്ല. അങ്ങനെ ആ പരിപാടി പാളി. ഏറെ താമസിയാതെ ആ കാർ കൈയ്യൊഴിഞ്ഞു.

തന്റെ പ്രാർത്ഥനയാൽ ഒരു സായിപ്പിന് അത്ഭുതരോഗശാന്തി ലഭിച്ചെന്നും അയാൾ 30 മില്ല്യൻ ഡോളർ വിൽസന് കൊടുത്തെന്നും പ്രചരണമുണ്ടായി. താൻ ഒരു വിമാനത്തിന് അഡ്വാൻസ് കൊടുത്തെന്നും മദ്രാസിൽ ആയിരക്കണക്കിനു പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം കൊടുക്കാൻ തീരുമാനിച്ചെന്നും പ്രചരിപ്പിച്ചു. ഒടുവിൽ വിമാനം പുകപോലെ വായുവിൽ ലയിച്ചുചേർന്നു. ഭക്ഷണം കൊടുക്കാനുള്ള പണവുമായി വിൽസൻ മദ്രാസ്സിൽ വരുന്നതും കാത്തിരുന്നവർ ഇളിഭ്യരായി. (ഭക്ഷണം കൊടുക്കലുമായി ബന്ധപ്പെട്ട് വിൽസൻ പത്രങ്ങളിൽ കൊടുത്ത വാർത്ത അടുത്ത കോളത്തിൽ വായിക്കാം).

കാറുകച്ചവടവുമായി അമേരിക്കയിൽ കഴിയുന്ന വിൽസന് ഇടയ്ക്കൊക്കെ ആത്മഭാരം വർദ്ധിക്കും. ഭാരം കഠിനമാകുമ്പോൾ ഇന്ത്യയിലെത്തി കുറെ യോഗങ്ങളൊക്കെ നടത്തി ജനവഞ്ചന നടത്തിയിട്ട് മടങ്ങും. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, ഭൂതമിറക്ക്, രോഗശാന്തി തുടങ്ങിയതൊക്കെയാണ് പരിപാടികൾ. തോട്ടഭാഗത്തുവച്ച് ഒരിക്കൽ ഒരു ഭൂതം വിൽസനെ ആക്രമിക്കയും ചെയ്തു. ഉന്തിവീഴ്ത്താനുള്ള കൃപ വിൽസൻ പല പാസ്റ്റർമാർക്കും പകർന്നുകൊടുത്തിട്ടുമുണ്ട്. ഇത്തരത്തിലുള്ള വീരനാണ് റാന്നിയിൽ സ്ഫോടനം നടത്താൻ എത്തുന്നത്. ബാബു ജോർജിന് യോജിച്ച കൂട്ടുകാരൻ തന്നെ. (ഈ നാംപേച്ചിക്ക് മരപ്പട്ടി കൂട്ട്).

## " Festival -2000" &" Blessing India-2000 (BTI - 2000)

The Lord Almighty has birthed in Evangelist Wilson Varghese A burden to Feed the Hungry in India, in the city of Madras. With the fast approach of the new millenium, there is a world- wide fervency-not only in the natural realm, but in the spiritual world as well. Grace In'tl Faith Ministries, Inc. (GIFM) has taken hold of this vision, and is embarking on a life changing event to India.

GIFM will give a Blessing to India in which they will provide food, medical and spiritual help to all those in need. We are going with 150- 200 American brothers and sisters and on their return they shall also be touched in the spiritual realm. This great project shall touch the lives of those who are needy and destitute. Teams of medics and doctors will provide care for those who need medical assistance. A food packet will be served daily for 7 days and in the evening give them simple Gospel of Salvation and lead them to the Lord from 6pm. to 9pm. Feeding the hungry in multitudes, which is projected now to be more than 100,000 people per day. This is expected to start on 26th September with dedication of ground and every one involved such as Alter workers, Ushers, Leaders, Prayer Intercessors, Pators and all actively represent Festival 2000 &BTI-2000. Festival -2000 starts from 27th- and ends on Sunday 1st October 2000. ON the 2nd and 3rd of October we are giving Food packets, Medical help and clothing which is a full two day project in a very needy and poor vicinity .

We have selected Evg. and Dr John Solomon a mighty man of God from Madras to be the key official convener. Our dedicated Mission Directors, Elder & Ev. EricTucker and Mrs . Carolynn Tucker who has good experience in missions are coordinating with the people who are willing to go for this two weeks event(BTI-2000) from USA. All Pastors, spiritual leaders and believers will engage in a 4days "BTI-2000 Seminar" from Sept. to 30th October 2000, in the morning from 9 am to 1 PM where the word of God will be zealously preached in fervor. We shall be teaching, preaching and imparting the Spirit of God Almighty. After igniting the flames of the hearts of the pastors, believers and ,leaders, the burning torch will be carried back throughout India with the burden for souls and with anointing fire of the Holy spirit. This tremendous impact Blessing to India,(BTI-2000)is a Life-changing event that will change the lives of the people of India. It will never be the same!God is doing wonderful things all around the world and to God be all the Glory.


സദ്വർത്തമാന സ്ഫോടനം 07

(ഗോസ്പൽ എക്സ്പ്ലോഷൻ കോൺഫറൻസ് )

കുടുംബങ്ങൾക്കും വ്യക്തികൾക്കും പ്രത്യേക കൗൺസിലിംഗ്

സ്ഥലം : വൈ. എം. സി. എ., റാന്നി

സമയം : 2007 ഡിസംബർ 20 മുതൽ 23 വരെ

(ദിവസവും പകൽ 10 ന് സെമിനാറും, വൈകിട്ട് 5.30 ന് പൊതുയോഗവും)

അനുഗൃഹീതരും ലോകപ്രശസ്തരുമായ ദൈവദാസന്മാരും ബിസിനസ്സുകാരും ക്ലാസ്സുകൾ നയിക്കുന്നു



Pastor Bob Zannini



Rev. Dr. Babu George



Evg. Wilson Varghese

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും : 04735 – 226001, 9446734406

# ദിനകരന് ഓശാന പാടാൻ പെന്തക്കോസ്തുകാർ മത്സരിച്ചു

നവംബർ എട്ടു മുതൽ 11 വരെ തിരുവനന്തപുരത്തു നടന്ന ദിനകരൻ ക്രൂസേഡിൽ പെന്തക്കോസ്തിലെ ചില പ്രമുഖരും ഉൾപ്പെട്ടിരുന്നതായി അറിയുന്നു. എ.ജിയുടെ സൂപ്പറിണ്ടന്റായ ടി.ജെ.ശാമുവൽ, ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറിയായ കെ.സി.തോമസ് എന്നിവർ രക്ഷാധികാരികളുടെ പട്ടികയിൽ ഉണ്ടായിരുന്നു. പാസ്റ്റർ എന്നു പേരുള്ള നാലാളുകൾ കൂടി ലറ്റർപാഡിൽ ഉണ്ടായിരുന്നു: ടി.ജെ.രാജൻ, സാം റ്റി.വർഗീസ്, വർഗീസ് മത്തായി, വി.റ്റി.മാത്യു എന്നിവർ.

എവിടെ ദിനകരനുണ്ടോ അവിടെ എൽ.സാം ഉണ്ട് എന്ന് തീർച്ചയാക്കാം. അങ്ങനെയിരിക്കെ ദിനകരൻ തിരുവനന്തപുരത്തു വരുമ്പോൾ എൽ.സാം ഇല്ലാതിരിക്കയില്ലല്ലോ. ഉണ്ടായിരുന്നു എന്നു മാത്രമല്ല എൽ.സാമിന് എല്ലാവിധ മാനവും മഹത്വവും ദിനകരൻ കൊടുക്കുകയും ചെയ്തു. ദിനകരന്റെ ഒരു കിത്താബ് എൽ.സാം തർജ്ജമ ചെയ്തതിന് പ്രത്യേകം ആദരവു നൽകി. എൽ.സാമിന്റെ മകന് ദിനകരൻ ജോലി കൊടുത്തിട്ടുമുണ്ട്.

യേശുനാമക്കാരനായ ഡേവിഡ് ടെറലിനെ ഇന്ത്യയിലെങ്ങും എഴുന്നെള്ളിച്ചു കൊണ്ടു നടന്ന നീചനാണ് എൽ.സാം. പണവും പ്രശസ്തിയും കിട്ടുമെന്നുകണ്ടാൽ സാക്ഷാൽ ചെകുത്താനും എൽ.സാമിന് സ്വീകാര്യനാണ്. ഏതാനും വർഷം മുൻപ് ദിനകരൻ കേരളത്തിൽ നടത്തിയ ഒരു മീറ്റിംഗിന് പെന്തക്കോസ്ത് പത്രങ്ങൾ വേണ്ടത്ര വാർത്താപ്രാധാന്യം കൊടുത്തില്ല എന്നു പറഞ്ഞ് കണ്ണീരു പൊഴിച്ചവനാണ് ഈ ചങ്ങാതി. ''പാവം ദിനകരൻ'' എന്നാണ് അന്ന് എൽ.സാം ദിനകരനെ വിശേഷിപ്പിച്ചത്. ദിനകരനോളം വലിയ ഒരു പാവം ഈ ഭൂലോകത്തില്ലെന്ന് ഏവർക്കും അറിവുള്ളതാണല്ലോ.

അർഹിക്കാത്ത ബഹുമാനം ചിലർക്കൊക്കെ കിട്ടുക പതിവാണ്. അത്തരത്തിലുള്ള ബഹുമാനമാണ് എൽ.സാമിന് ലഭിച്ചിരിക്കുന്നത്. ഗുഡ്ന്യൂസും മറ്റുചില പെന്തക്കോസ്ത് പത്രങ്ങളുംകൂടി ഊതിവീർപ്പിച്ച ബലൂണാണ് എൽ.സാം. അകത്ത് അന്തരീക്ഷവായുവല്ലാതെ ഒന്നുമില്ല. കടുത്ത ദ്രവ്യാഗ്രഹവും എ.ജി ഭക്തിയും മാത്രമാണ് ഇയാളുടെ സവിശേഷതകൾ. ദൈവമക്കളെ ചതിക്കാൻ സാത്താൻ ഈ മനുഷ്യനെ കരങ്ങളിലെടുത്തിരിക്കയാണ്.

ടി.ജെ.ശാമുവലിന്റെ കാര്യം വിശേഷിച്ചു പറയേണ്ടതില്ല. നാലാളുടെ മുൻപിൽ ഞെളിയാൻ കിട്ടുന്ന ഒരു സന്ദർഭവും ഈ കള്ളൻ വെറുതെ കളയാറില്ല. അതിനുവേണ്ടി സാത്താന്റെ രക്ഷാധികാരിയാകാനും തയ്യാർ. 2020 ആകുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യമാകുമെന്ന് ഇയാളോട് ദൈവം പറഞ്ഞത്രേ. ഏഴു വർഷം മുൻപാണ് ഇയാളുടെ ദൈവം ഇങ്ങനെ പറഞ്ഞത്. പക്ഷേ നാളിതുവരെ ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ ഒരു ശതമാനത്തിന്റെ വർദ്ധനവുപോലും ഉണ്ടായിട്ടില്ല. എന്നിട്ടും ഈ കള്ളപ്രവചനവുമായി ഇയാൾ ഉലകം ചുറ്റുകയാണ്. ഇതുപോലൊരു ദർശനം കിട്ടിയ ആഞ്ഞിലിക്കയേയും ചുമന്നുകൊണ്ട് ചില ആഴ്ചകൾ ഇയാൾ നടന്നത് മറക്കാറായിട്ടില്ല. ഇത്തരത്തിലുള്ള ഒരു കള്ളപ്രവാചകൻ ദിനകരന്റെ രക്ഷാധികാരിയായതിൽ അത്ഭുതമില്ല.

ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറിയായ കെ.സി.തോമസ് ഐ.പി.സി പ്രസിഡന്റായ കെ.സി.ജോണിന്റെ സഹോദരനാണ്. എങ്കിലും ഇദ്ദേഹം കെ.സി.ജോണിനേപ്പോലെ വ്യഭിചാരിയല്ല. പക്ഷേ ഒരു നിർഗ്ഗുണ പരബ്രഹ്മമാണ്. നിറമോ മണമോ രുചിയോ ഇല്ലാത്ത വസ്തു. എന്തു സംഭവിച്ചാലും നരസിംഹറാവുവിനേപ്പോലെ അനങ്ങാതിരിക്കും. ഇയാളാണ് ദിനകരന്റെ മറ്റൊരു രക്ഷാധികാരി. ഇയാൾ രക്ഷിക്കുന്ന ദിനകരന്റെ കാര്യം കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

വർഗീസ് മത്തായി എന്നത് ഐ.പി.സിയിലെ വർഗീസ് മത്തായിയാണോ എന്ന് വ്യക്തമല്ല. ആണെങ്കിൽ അത്ഭുതപ്പെടാനുമില്ല. സ്റ്റേറ്റ് സെക്രട്ടറി രക്ഷാധികാരിയായിരിക്കുന്നിടത്ത് വെറും പാസ്റ്റർ ഛോട്ടാ നേതാവാകുന്നത് തികച്ചും ഉചിതമാണല്ലോ. ടി.ജെ. രാജൻ, സാം ടി. വർഗീസ്, വി.റ്റി. മാത്യു എന്നിവരേക്കുറിച്ച് ഡിഫെൻഡർ വിവരം ശേഖരിച്ചുവരുന്നു.

കർത്താവായ യേശുക്രിസ്തുവിനെ വില്പനച്ചരക്കാക്കിയിട്ടുള്ളവരിൽ പ്രമുഖനാണ് ദിനകരൻ. പണമുണ്ടാക്കാൻ വേണ്ടി എന്തും ചെയ്യാൻ ഇയാൾക്കു മടിയില്ല. മാമ്മോനാണ് ഇയാളുടെ ദൈവം. തിരുവനന്തപുരത്തെ ക്രൂസേഡിൽ പങ്കെടുത്ത എല്ലാവരും കുറഞ്ഞത് 1000 രൂപ സ്തോത്രക്കാഴ്ച ഇടണമെന്ന് ദിനകരൻ പറഞ്ഞു. പ്രതിഫലമായി ദൈവം കോടികൾ കൊടുക്കുമത്രേ.

ശങ്കരാചാര്യരെ പ്രീതിപ്പെടുത്താനായി അയാൾക്ക് ദിനകരൻ പൂജാപാത്രങ്ങൾ സമ്മാനിക്കുക മാത്രമല്ല ദിനകരൻ കൊടുത്ത പാത്രങ്ങൾ ഉപയോഗിച്ചുവേണം എല്ലാദിവസവും പൂജ നടത്താനെന്ന് അപേക്ഷിക്കുകയും ചെയ്തു.

എല്ലാ രോഗവും മാറ്റുന്ന ദിനകരന് സ്വന്തം മകളെ അപകടമരണത്തിൽ നിന്നും രക്ഷിക്കാൻ കഴിഞ്ഞില്ല. ആ ജാള്യം മറച്ചുവയ്ക്കാൻ ഇയാൾ ഇപ്പോൾ ഒരു തന്ത്രം പ്രയോഗിക്കുന്നു. താൻ ഇടയ്ക്കൊക്കെ സ്വർഗ്ഗത്തിൽ പോകാറുണ്ടെന്നും സ്വർഗ്ഗത്തിലുള്ള മകൾ ഓടിവന്ന് തന്റെ മടിയിൽ കയറി ഇരിക്കാറുണ്ടെന്നും മറ്റും പറയുന്നു. വെറുതെ പറയുകയല്ല സ്വന്തം മാസികയിൽ അടിച്ചുവിടുകയും ചെയ്യുന്നു. ഇങ്ങനെ ദൈവമക്കൾക്ക് ഒരിക്കലും യോജിക്കാനാവാത്ത കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ദിനകരനുമായി സഹകരിക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർക്കും പാസ്റ്റർമാർക്കും ബുദ്ധിമുട്ടുണ്ടായില്ല. ഇവൻമാരൊക്കെ സാത്താന്റെ ദാസൻമാരാണെന്ന് ദൈവമക്കൾ ഇനിയെങ്കിലും തിരിച്ചറിയണം.

തിരുവനന്തപുരത്തുള്ള ചില ദൈവദാസൻമാരെങ്കിലും ഈ തിൻമകൾക്കെതിരേ പ്രതികരിച്ചു എന്നു കാണുന്നതിൽ ഡിഫെൻഡറിന് സന്തോഷമുണ്ട്. പട്ടത്തുള്ള സോളമൻ തോമസ് എന്ന ദൈവദാസൻ ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച ഒരു നോട്ടീസ് ശ്രദ്ധേയമാണ്. ദിനകരനേപ്പോലുള്ളവരോട് ദൈവമക്കൾ സ്വീകരിക്കേണ്ട നിലപാടെന്തെന്ന് അദ്ദേഹം വിശദീകരിക്കുന്നു. തിരുവനന്തപുരത്തുള്ള നിരവധി ദൈവമക്കൾക്ക് ഈ നോട്ടീസ് ലഭിച്ചതായി അറിയാൻ കഴിഞ്ഞു. കത്തിന്റെ പൂർണ്ണരൂപം വായനക്കാരുടെ അറിവിലേക്കായി ഇതോടൊപ്പം ചേർക്കുന്നു.



## പെന്തക്കോസ്ത് വിശ്വാസികൾക്ക് ദിനകരനുമായി സഹകരിക്കാൻ കഴിയുമോ?

ദിനകരനും കുടുംബവും ഈ ദിവസങ്ങളിൽ തിരുവനന്തപുരത്ത് ക്രൂസേഡ് നടത്തുകയാണല്ലോ. നിരവധി പെന്തക്കോസ്ത് വിശ്വാസികളും പാസ്റ്റർമാരും ഈ പരിപാടിയുടെ മുൻപന്തിയിൽത്തന്നെ ഉള്ളതായും കാണുന്നു. അതുകൊണ്ട് പെന്തക്കോസ്ത് വിശ്വാസികൾക്ക് ദിനകരനുമായി സഹകരിക്കാൻ കഴിയുമോ എന്ന വിഷയം തിരുവചന വെളിച്ചത്തിൽ പരിശോധിക്കുവാൻ ആഗ്രഹിക്കുന്നു.

വ്യക്തമായ വിശ്വാസപ്രമാണമുള്ളവരാണ് പെന്തക്കോസ്തർ. വീണ്ടും ജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയവ പെന്തക്കോസ്ത് വിശ്വാസത്തിന്റെ മുഖമുദ്രകളുമാണ്. ഇവ നഷ്ടമായാൽ പെന്തക്കോസ്ത് പെന്തക്കോസ്തല്ലാതാകും.

പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും വിവിധ ക്രൈസ്തവ സമുദായങ്ങൾ വിട്ട് പെന്തക്കോസ്തിൽ വന്നവരാണ്. അവർ ജനിച്ചുവളർന്ന സമുദായത്തിന്റെ ഉപദേശം ദൈവവചനവുമായി പൊരുത്തപ്പെടുന്നതല്ലെന്നു കണ്ടതുകൊണ്ടാണ് അവർ സമുദായം വിട്ടത്. ദിനകരൻ അംഗമായിരിക്കുന്ന സി.എസ്.ഐ. സമുദായം വിട്ട് പെന്തക്കോസ്ത് വിശ്വാസത്തിൽ വന്നവരാണ് തിരുവനന്തപുരത്തും പരിസരത്തുമുള്ള പെന്തക്കോസ്ത് വിശ്വാസികളിൽ ഭൂരിപക്ഷവും എന്ന വസ്തുതയും ശ്രദ്ധേയമാണ്. സി.എസ്.ഐയുടെ വിശ്വാസപ്രമാണം ദൈവവചനവുമായി പൊരുത്തപ്പെടുന്നതല്ല എന്നതുകൊണ്ടാണ് ആ സമുദായം വിട്ട് പെന്തക്കോസ്ത് വിശ്വാസം സ്വീകരിക്കേണ്ടതായി വന്നത്. വസ്തുതകൾ ഇങ്ങനെയിരിക്കെ ദിനകരനെ ദൈവദാസനായി പരിഗണിക്കയും ദിനകരന്റെ മീറ്റിംഗുമായി പെന്തക്കോസ്തുകാർ സഹകരിക്കയും ചെയ്യുന്നതെങ്ങനെ? ദയവായി താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

1. ദിനകരൻ സി.എസ്.ഐക്കാരനാണ്. അതുകൊണ്ട് ദിനകരനുമായി സഹകരിക്കുന്നത് സി.എസ്.ഐ യുടെ ഉപദേശം അംഗീകരിക്കുന്നതിനു തുല്യമാണ്.
2. കൊലക്കേസ് പ്രതിയായ കാഞ്ചി ശങ്കരാചാര്യർക്ക് പൂജാപാത്രങ്ങൾ സമ്മാനിച്ച് അനുഗ്രഹം വാങ്ങിയ ആളാണ് ദിനകരൻ. അത്യന്തം ഗൗരവമുള്ള വിഷയമാണിത്. ദിനകരന് കർത്താവായ യേശുക്രിസ്തുവുമായി ബന്ധമില്ല എന്നതിന്റെ തെളിവാണിത്.
3. സമുദായക്കാർ വിഗ്രഹാരാധനയും തിരുശേഷിപ്പു വണക്കവും മറ്റും നടത്തുന്നതുപോലെ കൃപാസന വ്യാപാരവും അത്ഭുതവസ്തുക്കളുടെ വിതരണവും മറ്റും ദിനകരൻ നടത്തിവരുന്നു. ദൈവവചനവുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്ത നടപടികളാണിവ.
4. മരിച്ചവരുടെ ആത്മാക്കളെ കാണുക, അവരുമായി സംസാരിക്കുക തുടങ്ങിയവ കഠിനമായ മന്ത്രവാദത്തിന്റെ ഭാഗമാണ്. മരിച്ചുപോയ മകളുമായി ദിനകരൻ മിക്കദിവസങ്ങളിലും സംസാരിക്കുമെന്ന് അദ്ദേഹം സ്വന്തം മാസികയിൽത്തന്നെ എഴുതിയിട്ടുണ്ട്. ദിനകരന്റെ സാത്താന്യ ബന്ധത്തിന് ഇതിൽപ്പരം വേറെ തെളിവുവേണ്ട. ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ഒരു വ്യക്തിയുമായി വീണ്ടുംജനനം പ്രാപിച്ച വ്യക്തികൾക്ക് ഒരു സഹകരണവും ഉണ്ടാകാൻ പാടില്ല.
5. ദൈവനാമം ദുരുപയോഗം ചെയ്ത് പണമുണ്ടാക്കി ദിനകരൻ കോടീശ്വരനായിക്കഴിഞ്ഞു. ഇപ്പോഴും ഇതു തുടരുന്നു. സാധുക്കളെ വഞ്ചിച്ച് പണം തട്ടാനായി വിവിധതരം പദ്ധതികൾ ദിനകരൻ അവതരിപ്പിച്ചു വരുന്നു. ദിനകരൻ തട്ടിപ്പുകാരനാണ് എന്നതിന്റെ തെളിവാണിത്.

ഇത്രയുമൊക്കെ പറയുമ്പോൾ, ദൈവദാസനായ ദിനകരനെ അവഹേളിക്കുന്നു എന്ന് ആരോപിക്കുന്നവരുണ്ടാകാം. അങ്ങനെയുള്ളവരോട് എനിക്കു പറയാനുള്ളതിതാണ്: ദിനകരൻ ദൈവദാസനാണെങ്കിൽ ആ ദൈവം ബൈബിളിലെ ദൈവമല്ല. ദിനകരനിലൂടെ നടക്കുന്നു എന്ന് പറയപ്പെടുന്ന അത്ഭുതങ്ങൾ ദൈവീകവുമല്ല. കർത്താവായ യേശുക്രിസ്തു മുന്നറിയിപ്പു തരുന്നു: കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തുപറയും. (മത്താ. 7:22-23).

കർത്താവിനെ അറിയാത്തവരും കർത്താവ് അറിയാത്തവരും കർത്താവിന്റെ നാമത്തിൽ പ്രവചിക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും അവന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്യുമെന്ന് കർത്താവായ യേശുക്രിസ്തു തന്നെ മുന്നറിയിപ്പു തരുന്നു. ആകയാൽ ദൈവമക്കളേ, സൂക്ഷിക്കുക. വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾ ദിനകരനുമായി സഹകരിക്കരുത്.

എന്ന് നിങ്ങളുടെ സഹോദരൻ
സോളമൻ തോമസ്, എബനേസർ,
പൂച്ചെടിവിള, പട്ടം, തിരുവനന്തപുരം.
ഫോൺ: 9447411689

RNI No. 68089 / 97
2007 November 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# ദേശീയപതാകയ്ക്ക് പുതിയ വ്യാഖ്യാനം: കെ.എ.ഏബ്രഹാമിനെതിരെ നടപടിവേണം

ഇന്ത്യൻ ദേശീയപതാകയ്ക്ക് ദുർവ്യാഖ്യാനം നൽകി അപമാനിച്ചതിന് കെ.എ.ഏബ്രഹാമിനെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് റ്റി.എസ്.ബാലൻ പ്രധാനമന്ത്രിക്കും മറ്റ് ഉന്നത ഉദ്യോഗസ്ഥർക്കും പരാതി നൽകി. കെ.എ.ഏബ്രഹാം എവിടെയോ നടത്തിയ ഒരു പ്രസംഗത്തിന്റെ വീഡിയോ ഇന്റർനെറ്റിൽ കണ്ടശേഷമാണ് പരാതി അയച്ചത്.

കെ.എ.ഏബ്രഹാം ദേശീയ പതാകയ്ക്ക് ദുർവ്യാഖ്യാനം നൽകി പ്രസംഗിക്കുന്നതായി പലരും ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിക്കയുണ്ടായി. എന്നാൽ കെ.എ.ഏബ്രഹാം എന്താണ് പ്രസംഗിച്ചതെന്നോ അത് ദേശീയപതാകയെ അപമാനിക്കുന്നതാണോ എന്നോ വ്യക്തമായിരുന്നില്ല. എന്നാൽ ഏതാനും ദിവസം മുൻപ് ഒരു സഹോദരൻ ഈമെയിലിലൂടെ ഒരു ലിങ്ക് അയച്ചു തന്നു. ആ ലിങ്ക് പരിശോധിച്ചപ്പോഴാണ് വസ്തുതകൾ മനസ്സിലായത്. YouTube എന്ന വെബ് സൈറ്റിൽ ആരോ അപ് ലോഡ് ചെയ്തിരിക്കുന്ന വീഡിയോയാണത്. ഇന്റർനെറ്റ് കണക്ഷനുള്ളവർ ഇത് നേരിൽ കാണുക.
http://www.youtube.com/watch?v=8-3CUJdqBBg

കെ.എ.ഏബ്രഹാം പതിവുപോലെ വാലും തലയുമില്ലാതെ പ്രസംഗിക്കുകയാണ്. അതിനിടയിൽ ദേശീയപതാകയേക്കുറിച്ച് ഇപ്രകാരം പറയുന്നു:

''ഇനി ത്രിവർണ്ണപതാക. മുകളിൽ കുങ്കുമം. അടിയിൽ പച്ച. നടുക്കു വെള്ള. എന്താ കുങ്കുമം? ധീരതയേയും ത്യാഗ സന്നദ്ധതയേയും സൂചിപ്പിക്കുന്നു. അടിക്കാനും ഇടിക്കാനും തല്ലാനും കുത്താനും കഴിവുള്ളവനാണ് മോളി കാണുന്ന ഈ കുങ്കുമം. ഈ താഴെ കാണുന്ന പച്ച അതല്ല. അത് സസ്യസമ്പൂർണ്ണമായ ഭാരതഭൂമിയുടെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നു. എന്നു പറഞ്ഞാൽ ഇച്ചിര കാശും പുത്തനുമൊക്കെയുള്ള ആൾക്കാരാ പച്ച. പിടികിട്ടിയോ? പക്ഷേ നടുക്കത്തെ വെള്ളയുണ്ടല്ലോ, അതു നമ്മളാ. ഹല്ലേലൂയ്യാ. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കുന്നു. വെള്ള നടുക്കു വന്നതിനാൽ ദൈവത്തെ വാഴ്ത്തുകയാണ്. ദേശീയപതാകയുടെ നടുക്ക് വെള്ള കൊണ്ടുവന്ന എന്റെ ദൈവത്തിനു സ്തോത്രം. വെള്ള കൊണ്ടുവന്ന എന്റെ ദൈവത്തിനു സ്തോത്രം. തീർന്നില്ല. ഈ ചക്രമുണ്ടല്ലോ, ഈ അധികാരത്തിന്റെ ചിഹ്നം, അശോകചക്രം. അതു വെള്ളേലാ. അതു പച്ചയ്ക്കും കൊടുത്തില്ല, കുങ്കുമത്തിനും ദൈവം കൊടുത്തില്ല, വെള്ളയ്ക്കാ തന്നത്, ഗ്ലോറി. ഇനി കേക്കണോ, അശോകചക്രമെന്നാ അതിന്റെ പേര്. ശോകം - ദു:ഖം. അശോകം - ദു:ഖം മാറുമെന്ന്. അപ്പോൾ ദു:ഖം മാറണെങ്കിൽ വെള്ളേൽ വരണമെന്ന്. നീ പച്ചയാണേലും വരണം. കുങ്കുമമാണേലും ദു:ഖം മാറണമെങ്കിൽ വെള്ളേൽ വരണം, ഹല്ലേലുയ്യാ. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കുകയാണ്. അതു മനസ്സിലായവർക്കായി ഞാൻ ദൈവത്തെ വാഴ്ത്തുകയാണ്. ഇന്നു രാത്രി നീ വെള്ളയിൽ വരണം. അതിന്റെയർത്ഥം യേശുവിൽ വരണം, യേശുവിൽ വരാതെ നിനക്കു പ്രകാശം കിട്ടുകയില്ല. പ്രെയ്സ് ദ ലോഡ്, ആമേൻ''.



ദേശീയപതാകയെ ഇത്ര നീചമായി ദുർവ്യാഖ്യാനം ചെയ്ത് അപമാനിക്കുന്നത് കടുത്ത ശിക്ഷ കിട്ടേണ്ട കുറ്റമാണെന്നതിന് സംശയമില്ല. സുവിശേഷത്തിന്റെ മറവിൽ എന്തു തോന്ന്യാസവും ആകാമെന്നു വരുന്നത് ശരിയല്ലല്ലോ.

കുങ്കുമവർണ്ണം അടിക്കാനും ഇടിക്കാനും തല്ലാനും കുത്താനും കഴിവുള്ളവരെയാണത്രേ സൂചിപ്പിക്കുന്നത്. അക്രമത്തെ ദേശീയപതാക പ്രോത്സാഹിപ്പിക്കുന്നു എന്നു ചുരുക്കം. എന്താണു പച്ച? അത് ഇച്ചിര കാശും പുത്തനുമൊക്കെയുള്ള ആൾക്കാരാണത്രേ. വെള്ള നമ്മാളാണെന്നും കെ.എ.ഏബ്രഹാം പറയുന്നു. നമ്മൾ എന്നതുകൊണ്ട് പെന്തക്കോസ്തുകാരെയാണോ സൂചിപ്പിക്കുന്നത്? അറിഞ്ഞുകൂടാ. സമുദായക്കാരുൾപ്പെടെയുള്ള ക്രിസ്ത്യാനികൾ എന്നുമാകാം. അശോകചക്രത്തേക്കുറിച്ചുള്ള വ്യാഖ്യാനവും ഉഗ്രനായി. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രമേ രക്ഷിക്കപ്പെടൂ എന്നാണത്രേ അശോകചക്രത്തിന്റെ അർത്ഥം.

പഴയനിയമത്തിൽ നിന്നും എന്തെങ്കിലുമൊക്കെ എടുത്ത് ഇങ്ങനെയൊക്കെ വ്യാഖ്യാനിക്കുന്ന ഒട്ടേറെ വിവരദോഷികൾ പെന്തക്കോസ്തിലുണ്ട്. കിഴവിക്കഥകൾ പറഞ്ഞിട്ട് അതിന് ഈ വിധത്തിൽ വ്യാഖ്യാനം നൽകുന്നവരുമുണ്ട്. പക്ഷേ ദേശീയ പതാകയെ ഈ വിധത്തിൽ ദുർവ്യാഖ്യാനം ചെയ്യാൻ ആരും നാളിതുവരെ ധൈര്യപ്പെട്ടതായി അറിവില്ല. ഈ വ്യാഖ്യാനത്തിന്റെ കോപ്പി റൈറ്റ് അവറാച്ചനുതന്നെ.

പക്ഷേ ഇത് തീക്കളിയാണെന്ന വസ്തുത കെ.എ.ഏബ്രഹാം അറിയുന്നില്ല. ദേശീയപതാകയെ അപമാനിക്കുന്നത് കഠിനമായ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. വിവരമില്ലാത്തതുകൊണ്ട് കെ.എ.ഏബ്രഹാം അതൊന്നും അറിഞ്ഞിട്ടില്ലെന്നു മാത്രം.

ഈ ക്രിമിനൽ കുറ്റം ശ്രദ്ധയിൽ പെട്ടപ്പോൾ കെ.എ.ഏബ്രഹാമിനെ വിവരം അറിയിച്ച് തെറ്റു തിരുത്താൻ ആവശ്യപ്പെടാം എന്നാണ് ആദ്യം തോന്നിയത്. പക്ഷേ കഴിഞ്ഞകാല അനുഭവങ്ങൾ ഓർത്തപ്പോൾ ആ പരിപാടി വേണ്ടെന്നുവച്ചു. കെ.എ.ഏബ്രഹാം ഇതിനുമുൻപും ഇതുപോലുള്ള ശുദ്ധ വിവരക്കേട് എഴുന്നെള്ളിച്ചിട്ടുണ്ട്. തെറ്റ് ചൂണ്ടിക്കാട്ടാൻ ഡിഫെൻഡർ ശ്രമിച്ചപ്പോൾ ധിക്കാരപരമായ മറുപടിയാണ് ലഭിച്ചത്. എങ്ങനെയൊക്കെയാണ് വ്യാഖ്യാനിക്കേണ്ടതെന്ന് തീരുമാനിക്കാൻ ആർക്കാണ് അധികാരം എന്നായിരുന്നു മറുചോദ്യം. ഇത്തവണയും ഇതൊക്കെത്തന്നെയാകും മറുപടിയെന്നു തീർച്ച. മര്യാദയുടെ ഭാഷയൊന്നും ഇത്തരക്കാർക്കു മനസ്സിലാകുകയില്ല. നിയമത്തിന്റെ കരങ്ങളിൽപ്പെട്ടാലെ പാഠം പഠിക്കൂ. അതുകൊണ്ട് ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഡിഫെൻഡർ തീരുമാനിക്കയാണ്. അതിനുള്ള നടപടികൾ സ്വീകരിക്കയും ചെയ്തുകഴിഞ്ഞു.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan